കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തെക്കുംകര ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)8/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680020
ഫോൺ-0487 2331249
dotsr.ksad@kerala.gov.in
തീയതി 30-01-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംകര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)8/2019 തിയതി. 30-01-2019

## തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 17.06.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.17 മുതൽ 31.03.18 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.18 മുതൽ 22.12.18 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലത.എം.എൻ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | സുധ.ഇ.എൻ<br>(അസി. ഓഡിറ്റ് ഓഫീസർ) |
| | ഷാജിത.കെ.എം,<br>(അസി. ഓഡിറ്റ് ഓഫീസർ) |
| | ജയൻ.വി.എസ്., (ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീജ.എം.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.സി.ഉഷ | 01.04.2017 മുതൽ 09.08.2017 വരെ |
| | ശ്രീമതി.ടി.പി.സിന്ധു (ചാർജ്ജ്) | 10.08.2017മുതൽ 23.10.2017 വരെ |
| | ശ്രീമതി.സി.ഉഷ | 24.10.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ടി.പി.സിന്ധു | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | സുജിത്ത്.പി.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രദീപ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ. ജോസഫ് ഇട്ടീര | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ബിന്ദു | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (തെക്കുംകര സർക്കിൾ) | ഷീജ.എം.എസ് | 01.04.2017 മുതൽ 02.07.2017 വരെ |
| | എലിസബത്ത് ലിസി.ടി | 03.07.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (മച്ചാട് സർക്കിൾ) | ഷാജു.എം.എ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (കല്ലുംപാറ സർക്കിൾ) | ഷൈൻ.എം.ഡി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡിഎസ്.സൂപ്പർവൈസർ | പ്രത്യൂഷ.കെ.ജെ | 01.04.2017 മുതൽ 18.12.2017 വരെ |
| | സിനി.കെ.എസ് | 19.12.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കാക്കിനിക്കാട് | എം.എൻ.ബിന്ദു | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ദൃശ്യ.ടി.മനോഹർ | 01.04.2017 മുതൽ 31.10.2017 വരെ |
| | ഡിറ്റോദാസ് | 01.11.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മഞ്ജു | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് | 2-1 |
| 14 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 2-4 |
| 17 | വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ | 2-5 |
| 18 | സാംഖ്യ, മാന്വൽ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ | 2-6 |
| 19 | ആംബുലൻസിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ് | 2-7 |
| 20 | ഭവനനിധി രൂപീകരിച്ചിട്ടില്ല | 2-8 |

| | | |
|---|---|---|
| | ഭാഗം 3 | |
| 21 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച അപാകതകൾ | 3-1 |
| 22 | ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ ഫ്രെയ്റ്റ് ചാർജ്ജ് ഈടാക്കുന്നു | 3-2 |
| 23 | മഴക്കാല ശുചീകരണം-രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല | 3-3 |
| 24 | കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല | 3-4 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-5 |
| 26 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ "കിടാരി വളർത്തൽ" പദ്ധതി -അപാകതകൾ | 3-6 |
| 27 | ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് ഡിജിറ്റൽ അവേർനസ്സ് പരിശീലനം നൽകിയത്-രേഖകൾ ഹാജരാക്കിയില്ല | 3-7 |
| 28 | സ്വകാര്യ വ്യക്തിയുടെ പറമ്പിലെ മരങ്ങൾ മുറിച്ചു മാറ്റിയതിന് ചെലവഴിച്ച തുക-തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 3-8 |
| 29 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന-താമസംവിനാ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-9 |
| 30 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം-രേഖകൾ ഹാജരാക്കിയില്ല | 3-10 |
| 31 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ | 3-11 |
| 32 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം- മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു | 3-12 |
| 33 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങൽ-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-13 |
| 34 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-(എസ്.ടി) -പ്രൊജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് | 3-14 |

| | | |
|---|---|---|
| | വിഹിതം ഉൾപ്പെടുത്തേണ്ടതിന് പകരം മറ്റു ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി | |
| 35 | സമ്പൂർണ്ണ ഭവനനിർമ്മാണം-നാളിതുവരെ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയില്ല | 3-15 |
| 36 | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി-ഗുണഭോക്താവിൽ നിന്നും തിരികെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ തിരിച്ചടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-16 |
| 37 | ഗുണഭോക്താക്കളുടെ അഭാവം -വകയിരുത്തിയ വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചില്ല | 3-17 |
| 38 | അടങ്ങളം-ചെമ്പോട് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-18 |
| 39 | പകൽവീടിനായി വികസനഫണ്ട് ചെലവഴിച്ചെങ്കിലും ഉപയോഗയോഗ്യമാക്കിയ കെട്ടിടം പകൽവീടായി പ്രവർത്തനക്ഷമമാക്കിയില്ല | 3-19 |
| 40 | കെ.എസ്.ഇ.ബി.യുടെ അനുമതിയില്ലാതെ തെരുവു വിളക്ക് ഇനം മാറ്റി സ്ഥാപിക്കുന്നത് നിർത്തലാക്കേണ്ടതാണ് | 3-20 |
| 41 | സി.എഫ്.എൽ. റിപ്പയർ-ക്വട്ടേഷൻ ക്ഷണിച്ച കാലയളവ് പൂർത്തീകരിക്കുന്നതിനു മുമ്പേ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു | 3-21 |
| 42 | തെരുവു വിളക്ക്-പ്രൊജക്ടിലെ രേഖപ്പെടുത്തലിൽ നിന്നും വ്യത്യസ്തമായി കരാറിലേർപ്പെട്ടു | 3-22 |
| 43 | ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ-ഒന്നാംഘട്ടം & രണ്ടാംഘട്ടം-അപാകതകൾ | 3-23 |
| 44 | തെരുവു വിളക്ക് പരിപാലനം-വ്യക്തമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു-പ്രൊജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല | 3-24 |
| 45 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- പ്രവൃത്തി പൂർത്തീകരണപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-25 |

| | | |
|---|---|---|
| 46 | വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം-പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ചെക്ക് മെഷർ ചെയ്യുകയോ ചെയ്തിട്ടില്ല | 3-26 |
| 47 | ടാങ്കർ ലോറി കുടിവെള്ള വിതരണം- ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയില്ല | 3-27 |
| 48 | ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ | 3-28 |
| 49 | മണലിത്തറ 113-ാം നമ്പർ അംഗൻവാടി – ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 3-29 |
| 50 | എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ നിർമ്മിച്ച വാട്ടർ കിയോസ്കുകൾ - പാഴ് ചെലവായി | 3-30 |
| 51 | വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം – പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-31 |
| 52 | കുറ്റിക്കാട് വാട്ടർടാങ്കിന് തുക ഡെപ്പോസിറ്റ് ചെയ്തു – കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല | 3-32 |
| 53 | ഒറിജിനൽ പ്രോജക്റ്റിൽ മാറ്റം വരുത്തി പ്രവൃത്തി നടപ്പാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. | 3-33 |
| 54 | സ്പിൽഓവർ പ്രോജക്ട് പൂർത്തിയാക്കിയില്ല | 3-34 |
| 55 | പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചത് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-35 |
| 56 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല | 3-36 |
| 57 | വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം -പൊതു അപാകതകൾ | 3-37 |
| 58 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- നടപടിക്രമങ്ങളിലെ അപാകതകൾ | 3-38 |
| | ഭാഗം 4 | |
| 59 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 60 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 61 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 62 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 63 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 64 | ഓഡിറ്റ് റിക്കവറി | 4-6 |
| 65 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 66 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 67 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 68 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം | 4-10 |
| 69 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 70 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 12.03.2018 തീയതിയിലെ 4(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 21,90,50,500.80 രൂപയും ചെലവ് 21,34,11,000 രൂപയും ആയിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|
| 31.07.2018 | 08.06.2018 | --- | 20.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 03.07.2018 & 04.07.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(69)/27.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14330948.45 |
| വരവ് | 79200617 |
| ആകെ | 93531565.45 |
| ചെലവ് | 88431179 |
| നീക്കിയിരിപ്പ് | 5100386.45 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഓ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 17641000 | 17641000 | 15248847 | 2392153 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6790851 | 6790851 | 5433283 | 1357568 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 134945 | 134945 | 100841 | 34104 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17316000 | 17316000 | 17103606 | 212394 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3883000 | 3883000 | 3879336 | 3664 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8285539 | 8285539 | 5998351 | 2287188 |
| പെർഫോമൻസ് ഗ്രാന്റ് | | 0 | 0 | 0 | 0 | 0 |
| ലോകബാങ്ക് സഹായം | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25417602 | 25417602 | 25417602 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1250 | 1196408 | 1197658 | 1194576 | 3082 |
| | Material cost | 0 | 1192800 | 1192800 | 1192800 | 0 |
| തനതു ഫണ്ട് | | 13136315 | 10387000 | 23523315 | 2232740 | 21290575 |
| ബി ഫണ്ട് | | 0 | 55567576 | 55567576 | 55567576 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 101413436 | 161 | 55310336 | 32 | 43 | 68 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1250 | 1196408 | 1197658 | 1194576 | 3082 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25417602 | 25417602 | 25417602 | 0 |
| Material cost | 0 | 1192800 | 1192800 | 1192800 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 111120 | 93 |
| കർഷകതൊഴിലാളി പെൻഷൻ | 10257200 | 920 |
| വിധവാപെൻഷൻ | 15713900 | 1438 |
| വാർദ്ധക്യകാലപെൻഷൻ | 21848300 | 2032 |
| വികലാംഗപെൻഷൻ | 4321400 | 426 |
| അവിവാഹിത പെൻഷൻ | 2250400 | 214 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 360000 | 12 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,314/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിൽ പുതിയ വരവിനങ്ങൾ സ്വരൂപിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഒരു തലത്തിലും ചർച്ചകൾ നടത്തിയിട്ടില്ല.ജനറൽ കമ്മിറ്റി മിനിറ്റ്സുകൾ പുസ്തകരൂപത്തിലാക്കി ഭംഗിയായി പരിപാലിച്ചിട്ടുണ്ട്. കാര്യാലയത്തിലെ ഓരോ ജീവനക്കാരനും ചെയ്യേണ്ട ജോലികൾ വ്യക്തമായി രേഖപ്പെടുത്തി ജോലി വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്ററുകൾ,രേഖകൾ പരിപാലിക്കുന്നതിൽ മേൽനോട്ടക്കുറവിന്റെ അഭാവമുണ്ട്.പദ്ധതി രൂപീകരണത്തിന്റെ ആദ്യപടിയായ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തിൽ കണ്ടെത്താൻ കഴിയാത്ത സ്ഥിതി സംജാതമായി.പരിശോധനയ്ക്ക് ആയത് ലഭ്യമാക്കിയില്ല. സംസ്ഥാനഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട്, തൊഴിലുറപ്പ്പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടതുണ്ട്.വർക്കിങ് ഗ്രൂപ്പ് യോഗങ്ങളിൽ വികസന കാഴ്ച്ചപ്പാടുകൾ പ്രതിഫലിക്കുന്ന തരത്തിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്..എന്നാൽ ഇവ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചതായി മിനിസ്റ്റിൽ യാതൊരു രേഖപ്പെടുത്തലുമില്ല .ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചാൽ അവയുടെ സമയബന്ധിതമായ പരിപാലനത്തിനും സമയോചിതമായി പുതിയപദ്ധതികൾ ആവിഷ്കരിക്കാനും വളരെ പ്രയോജനപ്പെടുന്നതാണ്. പൊതുടാപ്പുകളുടെ സംയുക്തപരിശോധനനടത്തി എണ്ണം തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത് വെള്ളക്കരമിനത്തിലെ അധികബാധ്യത ഒഴിവാക്കാൻ സഹായിക്കുന്നതാണ്. ആയതിനോടൊപ്പം തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന കൂടി നടത്തുന്നത് യാതൊരു വ്യക്തതയുള്ള കണക്കുകളില്ലാതെ തെരുവ് വിളക്കുകൾക്കു വേണ്ടി തുക വിനിയോഗിക്കുന്നത് ഭാവിയിൽ ഒഴിവാകാൻ സഹായിക്കുന്നതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 12.12.2018 | 2018 ഒക്ടോബർ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.10.2016 മുതൽ 22.10.2016 വരെ | 2011-12 മുതൽ 2015-2016 വരെ | 13.02.2017 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62 2(എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ. തീയതി.26/07/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in Cash and Cash equivalents"ആയി രേഖപ്പെടുത്തിയിരിക്കുന്നത് 92,30,562/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by operating+investing+Financing Activity"ആയി രേഖപ്പെടുത്തിയിരിക്കുന്നത് 92,60,015/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.
4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം 330500101 Secured Loan from banks എന്ന ശീർഷകത്തിൽ (-)3,65,000/- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തൽ ഏത് ലോൺ സംബന്ധിച്ചതാണെന്നും മറ്റുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
6. എസ്.ബി.ഐ. പുന്നംപറമ്പ് ശാഖയിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള 57063865607 എന്ന അക്കൗണ്ടിൽ നിന്ന് നൽകിയിട്ടുള്ളതായും, മൂന്ന വർഷത്തിലധികമായി എൻകാഷ് ചെയ്യപ്പെടാത്തതുമായ താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ "Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതും ബാധ്യത കാലഹരണപ്പെട്ടതിനാൽ വരുമാനമായി എടുക്കേണ്ടതുമാണ്.

| ചെക്ക് നമ്പർ | ചെക്ക് തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 605625 | 12/11/13 | 3000 |
| 605976 | 12/11/13 | 700 |
| 603862 | 25/09/13 | 7300 |
| 996917 | 31/03/14 | 2550 |

7. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ഷെഡ്യൂൾ I-18-ൽ ഉൾപ്പെട്ടിരിക്കുന്ന 280100101 Prior period income – Property tax on residential buildings എന്ന ലെഡ്ജറിൽ വൗച്ചർ നമ്പർ 41700332 പ്രകാരം 8,50,934/- രൂപ 431100102 Receivables for property tax on residential buildings (Arrears) എന്ന ശീർഷകത്തെ ക്രെഡിറ്റ് ചെയ്ത് ചെലവായി കാണിച്ചിട്ടുണ്ട്. "സഞ്ചയ"യിലെ അരിയർ ഡിമാന്റുമായി പൊരുത്തപ്പെടുത്തുന്നതിന് ഇപ്രകാരം "സാംഖ്യ"യിലെ അരിയർ ഡിമാന്റിൽ കുറവ് വരുത്തിയതിന് പിൻബലം നൽകുന്ന നടപടി ക്രമമോ, വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

8. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തു നികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തു നികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ് വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

8.1 വസ്തു നികുതി - തൻവർഷം

8.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 19,03,525 | 16,10,550 | 1,03,633 | 2,51,586 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 19,03,525 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 18,56,642 (റസീറ്റ് & പെയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43) | ഇല്ല (350410101 – Advance collection – PT on Res. Building-ന്റെ | 2,52,098 * (ബാലൻസ്/ 105x100) (ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| | | | ലെഡ്ജർ) | ഷെഡ്യൂൾ ബി-15) |

8.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6,36,431 | 5,55,514 | 31,811 | 62,324 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6,36,431 | 3,58,080 | ഇല്ല | 62,386 |
| | (ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പെയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43) | (350410104-Advance collection – PT on NR bldg-ന്റെ ലെഡ്ജർ) | (107714/ 105x100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)/ 105x100 |

8.2 വസ്തു നികുതി - കുടിശ്ശിക

8.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 13,96,380 | 10,61,937 | 4,15,061 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 28,58,125 | 12,55,384 | 4,16,240 |
| | (2016-17-ലെ ബാലൻസ് | റസീറ്റ് & പെയ്മെന്റ് | (ബാലൻസ് ഷീറ്റ് |

| | | | |
|---|---|---|---|
| | ഷീറ്റ് ഷെഡ്യൂൾ ബി-15), x (()/105x100= ) | പത്രിക, ഷെഡ്യൂൾ ആർ.പി.-43) | ഷെഡ്യൂൾ ബി-15)/ 105x100 |

8.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6,10,811 | 5,46,641 | 88,552 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | ഇല്ല | 4,44,222 | 88,668 |
| | (2016-17-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) (അരിയർ+കറന്റ്)/ 105x100 | (റസീറ്റ് & പെയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)/105x100 |

8.3. "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിത ക്രിയയിൽത്തന്നെ വ്യത്യാസം വന്നതായി കാണുന്നു. മേൽ പട്ടികകളിൽ ഡിമാന്റ് - (കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക കണക്കാക്കപ്പെടുന്നില്ല.

8.4. 01/04/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/ നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്മെന്റ് തുകകൾ പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. എന്നാൽ "110100103 Property tax on Non Residential Building"എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ പുതിയ ഡിമാന്റ് തുകകൾ ലെഡ്ജറിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. 2017-18 കാലയളവിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, റമിഷൻ, എഴുതിത്തള്ളൽ തുടങ്ങിയവ അതത് സമയത്ത് തന്നെ ലെഡ്ജറിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

*മേൽ കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തു നികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല*

9. റസീറ്റ് & പെയ്മെന്റ് ഷെഡ്യൂൾ ആർ.പി.-34 പ്രകാരം 340109901 Other Deposits എന്ന

ശീർഷകത്തിൽ ഡെപ്പോസിറ്റ് റീഫണ്ട് ആയി കാണിച്ചിരിക്കുന്നത് 6,28,214/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റ് തിരികെ നൽകിയത് 9,66,089/- രൂപയാണ്. വ്യത്യാസം 3,37,875/-.

അതുപോലെ, ആർ.പി.-34 (വരവ്) പ്രകാരം 340109901 Other Deposits എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ലഭിച്ചതായി കാണിച്ചിരിക്കുന്നത് 7,49,238/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റ് ലഭിച്ചത് 10,87,113/- രൂപയാണ്. വ്യത്യാസം 3,37,875/-

മേൽ വ്യത്യാസങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

10. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) പ്രകാരം 412010101 Capital work in progress എന്ന ശീർഷകത്തിൽ 31,477/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ മേൽ ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന തുകകൾ രണ്ട് തവണ ജേണൽ എൻട്രി മുഖേന കുറവ് ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | ഡബിൾ ട്യൂബ് ലൈറ്റ് ഇൻസ്റ്റലേഷൻ | 1,18,250 |
| 2 | കുളത്താഴം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 92,000 |
| 3 | പത്താഴക്കുണ്ട് DWS സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 40,600 |
| 4 | ആശാരിക്കട്ട റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 15,914 |
| | ആകെ | 2,66,764 |

ആയതിനാൽ മേൽ ശീർഷകത്തിൽ നീക്കിയിരിപ്പിൽ മേൽ തുക കുറവായി കാണുന്നു.

11. റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ ആർ.പി.-47 പ്രകാരം 460500501 Advance to implementing officers എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്ന തുക 2,88,888/- ആണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൻവർഷത്തെ അഡ്വാൻസായി കാണിച്ചിരിക്കുന്നത് 1,58,884/- ആണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും

നിർദ്ദേശങ്ങളും പരിഗണിച്ച കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തനരേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി 15ന് മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനു മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 18.03.17നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 22.03.2017നാണ്. ബജറ്റ് നടപടികൾ സമയബന്ധിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ഡി&ഒ രജിസ്റ്റർ പ്രകാരം 177 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ 2017-18 കാലയളവിലേക്കായി 2017 ഫെബ്രുവരി 28-നകം വെറും 3 സ്ഥാപനങ്ങൾ മാത്രമാണ് അപേക്ഷ സമർപ്പിച്ചത് എന്നാണ് ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം മനസ്സിലാക്കാൻ സാധിക്കുന്നത്. ബാക്കിയുള്ള സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ പല സമയത്തായി അപേക്ഷ സമർപ്പിക്കുന്നതായും സമർപ്പിക്കുന്ന മുറയ്ക്ക് ലൈസൻസ് നൽകുന്നതായും കാണുന്നു. ആയത് കൊണ്ട് തന്നെ 2017-18 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് ഫീസിനത്തിൽ ഡിമാന്റ് ആയി കാണിച്ചിരുന്ന 66,525/- രൂപയിൽ 62,975/- രൂപയും അതേ സാമ്പത്തിക വർഷത്തിൽ മാത്രം ലഭ്യമാകുകയാണ് ചെയ്തിട്ടുള്ളത്. വെറും 3,550/- രൂപ മാത്രമാണ്

2016-17 സാമ്പത്തിക വർഷം അഡ്വാൻസായി ലഭിച്ചത്. തെക്കുംകര ഗ്രാമപഞ്ചായത്ത് സുസ്ഥിര വാണിജ്യ ഗ്രാമം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾ നടത്തിയ സർവ്വേയിൽ 444 കടകൾ/സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിന് അഞ്ച് രൂപ നിരക്കിൽ കുടുംബശ്രീ അംഗങ്ങൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ കാണുന്ന സ്ഥാപനങ്ങളേക്കാൾ രണ്ടര മടങ്ങ് കൂടുതൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

2016-17 വർഷത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. എന്നാൽ 2017-18 വർഷം പുതുതായി പ്രവർത്തിക്കുന്നതും ഒഴിവാക്കപ്പെട്ടതുമായ സ്ഥാപനങ്ങൾ കണ്ടെത്തി ലിസ്റ്റ് നവീകരിച്ചിട്ടില്ല. വാർഡ് XIV/567A, K.J.ബൈജു, കീഴേടത്ത്, വാർഡ് XIV/425 O.A.ജോസ്, ഒലക്കേങ്കിൽ എന്നിവർ ക്വാറികളും വാർഡ് IV/64C രാജേഷ്.എം.സി, ദാമോദർ ഫാംസ്, കാക്കിനിക്കാട് എന്നയാൾ കോഴി, ആട് ഫാമും നടത്തുന്നതായി ഹാജരാക്കിയ ട്രെഡേഴ്സ് ലിസ്റ്റിൽ കാണുന്നു. എന്നാൽ 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ ഇവർ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/19.12.2018 നുള്ള മറുപടിയിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കുണ്ടുകാട്, അമ്പലപ്പാട്, പൂമല എന്നിവടങ്ങളിൽ അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്.

വാർഡ് നം.XII/2A, നജീബ് ഖാൻ എന്നയാൾ എൽ.പി.ജി ഗോഡൗൺ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങൾ മതിയായ സുരക്ഷയോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. തെക്കുംകര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 99% വ്യാപാര വ്യവസായ സ്ഥാപനങ്ങളും ഈ ചട്ടം പാലിക്കുന്നതായി കാണുന്നില്ല. ഈ സ്ഥിതി വിശേഷം പഞ്ചായത്ത് ഭരണസമിതി ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം ലൈസൻസ് എടുപ്പിക്കുന്നതിനായി ബോധവൽക്കരിക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല

ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്ററിൽ 55 സ്ഥാപനങ്ങളുടെ പേര് വിവരം രേഖപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി പത്രികകൾ ക്രമപ്രകാരം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയും ആയത് പരിശോധിക്കുന്നതിനാവശ്യമായ രണ്ട് അർദ്ധവർഷങ്ങളിലേയും പത്രികകൾ ക്രമപ്രകാരം തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കാണുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1) ബി.എസ്.എൻ.എൽ

2) ക്ഷീരോൽപാദക സഹകരണസംഘം, കരുമത്ര

3) കൊശമറ്റം ഫിനാൻസ്

4) മച്ചാട് പരസ്പര സഹായ സഹകരണ സംഘം

5) വട്ടായി ക്ഷീരോത്പാദക സഹകരണ സംഘം

6) കല്ലംപാറ ക്ഷീര വ്യവസായ സഹകരണ സംഘം

7) പുന്നംപറമ്പ് ക്ഷീരോത്പാദക സഹകരണ സംഘം

3) സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡി&ഒ ലൈസൻസിനുള്ള അപേക്ഷ പ്രകാരം ടി.കെ.പോളിമേഴ്സിൽ 8 ജീവനക്കാരും, ടി.കെ.ട്രെഡേഴ്സിൽ 9 ജീവനക്കാരും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

4) തൊഴിൽ നികുതി – ഡിമാന്റ് പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾക്കും തൊഴിലെടുക്കുന്നവർക്കും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകേണ്ടതും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വികരിക്കേണ്ടതുമാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച അപാകതകൾ

1) ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. നിർമ്മാണ അനുമതി നൽകിയ വിസ്തീർണ്ണം, ഈടാക്കിയ ഫീസ് എന്നീ കോളങ്ങൾ ചിലതിൽ വിട്ട് പോയിരിക്കുന്നു. കെട്ടിട നിർമ്മാണ അനുമതി

വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടനിർമ്മാണം സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചെങ്കിൽ കെട്ടിടനമ്പർ നൽകിയ വിവരങ്ങളോ അല്ലെങ്കിൽ കെട്ടിടനിർമ്മാണ പെർമിറ്റ് പുതുക്കിയ വിവരങ്ങളോ രേഖപ്പെടുത്തുന്നില്ല. പെർമിറ്റിന്റെ കാലാവധി അവസാനിച്ച സംഗതികളിൽ തുടർന്നും നിർമ്മാണ പ്രവൃത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് ഫീൽഡ് പരിശോധന നടത്തേണ്ടതാണ്. നിലവിൽ കെട്ടിട നമ്പർ ഉള്ളതും കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിന് പെർമിറ്റ് എടുത്തിട്ടുള്ളതുമായ സംഗതികളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അത്തരം കെട്ടിങ്ങൾക്ക് നികുതി പുനർനിർണ്ണയം നടത്തുകയും ചെയ്യേണ്ടതാണ്.

ഉദാഹരണത്തിന് ഫയൽ നം. A2-4296/17 പ്രകാരം 05.07.17ന് തെക്കുംകര വില്ലേജ് സർവ്വേ നം.840/2 ൽ എ.ടി.എൽ ടെലികോം ഇൻഫ്രാസ്റ്റക്ചറിന് ടവർ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു (വാർഡ് XI). 04.07.18 വരെയാണ് പെർമിറ്റിന്റെ കാലാവധി. നിർമ്മാണം പൂർത്തിയായതിന്റെയോ കാലാവധി നീട്ടി നൽകിയതിന്റെയോ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.12/13.12.2018 നുള്ള മറുപടിയിൽ കെട്ടിട നമ്പറിനായി പൂർത്തീകരണ സാക്ഷ്യപത്രവും അനുബന്ധരേഖകളും സഹിതം അപേക്ഷ സമർപ്പിച്ചിരുന്നതായും സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിരക്ക് പരിഷ്കരിച്ച് ലഭിക്കാത്തതിനാലാണ് കാലതാമസം വരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇത്തരം കാലതാമസം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കാൻ ഇടയാക്കുന്നതാണ്. നിലവിലെ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതും നികുതി നിരക്ക് പരിഷ്കരിക്കുന്ന മുറയ്ക്ക് കുടിശ്ശികയായി ബാക്കി തുക ഈടാക്കേണ്ടതുമാണ്.

2) തെക്കുംകര വില്ലേജ് സർവ്വേ നം. 287/2P, ഫയൽ നം. A3-4785/17, ഉണ്ണികൃഷ്ണൻ, ഐശ്വര്യ, കിള്ളിമംഗലം എന്നയാൾ മൂന്ന് നിലകളിലായി 1086.49m$^2$ നിർമ്മാണത്തിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. 16.08.17 തീയതിയിൽ രശീതി നം.117080100990 പ്രകാരം 5,440+20=5460 രൂപ പെർമിറ്റ് ഫീ അടവാക്കി കാണുന്നു. എന്നാൽ പെർമിറ്റ് അനുവദിച്ചിട്ടില്ല. ഫീ അടവാക്കിയതിന് ശേഷം 19.08.17 തീയതിയിലാണ് ഫയർ & റെസ്ക്യൂ വകുപ്പിന്റെ അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.12/13.12.2018 നുള്ള മറുപടിയിൽ പെർമിറ്റ് ഫീസ് അടവാക്കിയതിന് ശേഷമാണ് ഫയർ & റെസ്ക്യൂ വകുപ്പിന്റെ സാക്ഷ്യപത്രം ലഭ്യമാക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടത് എന്നാണ് അറിയിച്ചിട്ടുള്ളത്. മുഴുവൻ രേഖകളും ലഭ്യമാക്കി എന്ന് ഉറപ്പാക്കിയ ശേഷം മാത്രം പെർമിറ്റ് ഫീസ് ഈടാക്കുകയും പെർമിറ്റ് അനുവദിക്കുകയും ചെയ്യേണ്ടതാണ്.

## 2-5 വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ

2017-18 സാമ്പത്തികവർഷത്തെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അസസ്മെന്റ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) XII/295A – മേരി തോമസ്, പുത്തൂർ വീട്, പുന്നംപറമ്പ് എന്നയാളുടെ 256.97m$^2$ പാർപ്പിടത്തിന് വസ്തുനികുതി കണക്കാക്കിയപ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 250m$^2$ ന് മുകളിലുള്ള നിർമ്മാണത്തിന് ഈടാക്കേണ്ട 15% വർദ്ധനവ് ഈടാക്കിയിട്ടില്ല. തറ നിർമ്മിതിയുടെ തരം സ്ഥലപരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

2) V/253A – ഷാജുദ്ദീൻ, തൊണ്ടിക്കാട്ടുവളപ്പിൽ വീട്, മണലിത്തറ എന്നയാളുടെ 272.49m$^2$ പാർപ്പിടത്തിന് വസ്തുനികുതി കണക്കാക്കിയപ്പോൾ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ 250m$^2$ ന്

മുകളിലുള്ള നിർമ്മാണത്തിന് ഈടാക്കേണ്ട 15% വർദ്ധനവ് ഈടാക്കിയിട്ടില്ല. തറ നിർമ്മിതിയുടെ തരം സ്ഥലപരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

3) X/296A – ലക്ഷ്മികുട്ടി, താഴത്ത് വീട്, ഊരോക്കോട് എന്നയാളുടെ വ്യവസായ ആവശ്യത്തിനുള്ള (സോപ്പ് നിർമ്മാണം) 122.16$m^2$ കെട്ടിടത്തിന് 10 രൂപ നിരക്കാണ് ഈടാക്കിയിരിക്കുന്നത്. എന്നാൽ കൈത്തറി, കയർപിരി യൂണിറ്റുകളൊഴികെയുള്ളവയ്ക്ക് 40 രൂപ നിരക്കാണ് ഈടാക്കേണ്ടിയിരുന്നത്. ചെറുകിട വ്യവസായത്തിൽ (15 രൂപ നിരക്ക്) ഉൾപ്പെടുന്ന തരത്തിലുള്ള രേഖകളൊന്നും തന്നെ ഹാജരാക്കി കാണുന്നില്ല.

4) മോളി, നീണ്ടുശ്ശേരി വീട്, കരുമത്ര എന്നയാളുടെ I/260A നമ്പറിൽ 25.5$m^2$, I/260B നമ്പറിൽ 26.3$m^2$ എന്നീ കടമുറികൾക്ക് ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് നൽകുകയും വഴിയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട 20% വർദ്ധനവ് ഈടാക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. പുന്നംപറമ്പ് – വടക്കാഞ്ചേരി പ്രധാന റോഡിനോട് ചേർന്നാണ് കെട്ടിടം എന്ന് പ്ലാനിൽ കാണുന്നു.

5) XIII/176C – ആൻഡ്രൂസ്, കുരുതുകുളം, പൂമല എന്നയാളുടെ 176B നമ്പറിലുള്ള വീടിന്റെ 20$m^2$ ഭാഗം വാണിജ്യാവശ്യത്തിനായി 176C നമ്പർ അനുവദിച്ച് 540 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം 29.54$m^2$ വിസ്തീർണ്ണമാണ് വാണിജ്യാവശ്യത്തിനായി കാണിച്ചിരിക്കുന്നത്.

6) VI/509A – ധനേശ്വരൻ പിള്ള, ശ്രീനാരായണ ഷോപ്പിംഗ് കോംപ്ലക്സ്, പുന്നംപറമ്പ് എന്നയാളുടെ വാണിജ്യ കെട്ടിടത്തിനോട് കൂട്ടിച്ചേർത്ത 61.5$m^2$ നിർമ്മാണത്തിന് ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചു. പുന്നംപറമ്പ് – ഓട്ടുപാറ പ്രധാന റോഡിനോട് ചേർന്നാണ് ഈ കെട്ടിടം എന്ന് പ്ലാനിൽ കാണുന്നു.

7) III/156B – രതീഷ്.എം.എസ്, മനക്കലാത്ത് വീട്, വിരുപ്പാക്ക എന്നയാളുടെ 41.77$m^2$ വാണിജ്യ കെട്ടിടത്തിന് 10 രൂപ നിരക്കിലാണ് നികുതി കണക്കാക്കിയിരിക്കുന്നത്. 30 രൂപ നിരക്കാണ് ഈടാക്കേണ്ടിയിരുന്നത്.

8) II/392B – വിജയൻ, മുണ്ടത്തറ വീട്, കരുമത്ര എന്നയാളുടെ 180$m^2$ സ്റ്റോർ റൂം എന്ന് രേഖപ്പെടുത്തിയ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ 10 രൂപ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 100$m^2$ ന് മുകളിലുള്ള ഗോഡൗൺ/ഷോപ്പ് എന്നിവയ്ക്ക് 50 രൂപ നിരക്കാണ് ഈടാക്കേണ്ടത്.

9) XIII/65A – ബഷീർ, പണിക്കവീട്ടിൽ, പൂമല എന്നയാളുടെ 400$m^2$ പാർപ്പിടത്തിന് നികുതി കണക്കാക്കിയപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ഈടാക്കിയിട്ടില്ല. പൂർത്തീകരണ പ്ലാനിൽ 7മീറ്റർ വഴി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
കുറവ് വന്ന നികുതി തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 സാംഖ്യ, മാന്വൽ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ

പ്രിന്റ് ലഭിക്കാത്ത സാംഖ്യ രശീതികൾ കാൻസൽ ചെയ്യാതെയാണ് സൂക്ഷിച്ചിരിക്കുന്നത്. കാൻസൽ ചെയ്ത രശീതികളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. കാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡേബുക്കിൽ കാഷ്യർ, അക്കൌണ്ടന്റ്, സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നിവരൊന്നും സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല.
അസി. എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിരുന്ന മാന്വൽ രശീതി ബുക്ക് നം 39543 ലെ രശീതി നം.1 മുതൽ 37 വരെ ഉപയോഗിച്ചതിന് ശേഷം 38 മുതൽ 53 വരെ

ഉപയോഗിക്കാതെ വിട്ടിരിക്കുന്നു. തുടർന്ന് 54 മുതൽ 72 നമ്പർ വരെ ഉപയോഗിച്ചിട്ടുണ്ട്. രശീതികൾ തുടർച്ചയായി തന്നെ ഉപയോഗിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തെതുടർന്ന് പ്രസ്തുത രശീതികൾ കാൻസൽ ചെയ്യുകയുണ്ടായി. (ഓഡിറ്റ് എൻക്വയറി നമ്പർ 28/22.12.18)
സാംഖ്യ, മാന്വൽ രശീതികളുടെ ഉപയോഗത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്. അക്കൌണ്ടന്റ്, സെക്രട്ടറി എന്നിവർ ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം നൽകുകയും ശ്രദ്ധ പുലർത്തുകയും ചെയ്യേണ്ടതാണ്.

## 2-7 ആംബുലൻസിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

നിലവിൽ പഞ്ചായത്തിന്റെ പക്കലുള്ള KL-48/E 1501 മാരുതി ഓമ്നി ആംബുലൻസ് പെയിൻ & പാലിയേറ്റീവ് ഹോംകെയറിനായാണ് പ്രധാനമായും ഉപയോഗിക്കുന്നത്. അതിന് ശേഷം ഓട്ടം പോകുന്നതായും കാണുന്നു. ആംബുലൻസിന്റെ ലോഗ്ബുക്കിൽ സെക്രട്ടറിയുടെയോ മെഡിക്കൽ ഓഫീസറുടെയോ സാക്ഷ്യപ്പെടുത്തലുകൾ കാണുന്നില്ല. പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുകയും ഇന്ധനം നിറക്കുന്നത് രേഖപ്പെടുത്തുമ്പോൾ സാക്ഷ്യപ്പെടുത്തൽ വരുത്തുകയും ചെയ്യുന്നില്ല. 2017-18 കാലയളവിൽ ഇന്ധനക്ഷമത പരിശോധിച്ചിട്ടില്ല. 16.02.2017 വരെ മാത്രമാണ് നിലവിലുള്ള സർട്ടിഫിക്കറ്റിന്റെ കാലാവധിയുണ്ടായിരുന്നത്. പി.എച്ച്.സി ക്ക് കൈമാറി നൽകിയിട്ടില്ല എന്ന കാരണത്താൽ മെഡിക്കൽ ഓഫീസറും പെയിൻ & പാലിയേറ്റീവ് ഹോംകെയറിന് ഉപയോഗിക്കുന്നതിനാൽ സെക്രട്ടറിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. 15,460/- രൂപ 2017-18 സാമ്പത്തിക വർഷം ആംബുലൻസിൽ നിന്നുള്ള വരുമാനം ഉണ്ടായിട്ടുണ്ട്. കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഹോംകെയറിന് ശേഷമുള്ള വാടകയുടെ വിവരം കൃത്യമായി ചുമതലയുള്ള സെക്ഷൻ ബന്ധപ്പെട്ടരജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതുമാണ്. പഞ്ചായത്തിന് ബാധ്യതയാകാത്ത തരത്തിൽ ആംബുലൻസിന്റെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഭവനനിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.151/2017 /തസ്വഭവ തിരു .തീയതി 31.7.17 ലെ നിർദ്ദേശപ്രകാരം ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവന നിധി രൂപീകരിക്കാവുന്നതും, സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് സംഭാവന നൽകാവുന്നതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടായി ഭവനനിധി ആരംഭിക്കേണ്ടതാണ്. ലൈഫ് മിഷൻ പ്രവർത്തനങ്ങൾ 2017-18 മുതൽ നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഭവനനിധി രൂപീകരണം അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച അപാകതകൾ

1) പ്രൊജക്ട് നം. 86/17-18, സമഗ്ര ആരോഗ്യ പരിപാടി

അടങ്കൽ തുക – 2,00,000/-, ചെലവ് തുക – 1,99,977/-
ട്രഷറി ബിൽ നം. 5/17-18, തുക – 44,526/- തീ.17.10.17
7/17-18, തുക – 73,699/-, തീ.08.01.18
10/17-18, തുക – 20,948/-, തീ.17.03.18
13/17-18, തുക – 60,804/-, തീ.28.03.18

പ്രൊഫോർമ ഇൻവോയ്സ് നം.PRF 4914 തീ.15.03.18 പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി 23,604/- രൂപ KMSCL ന് കൈമാറിയിട്ടുണ്ട് (ട്രഷറി ബിൽ നം.13/17-18 തീ.28.03.18). എന്നാൽ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) പ്രൊജക്ട് നം. 81/17-18, പെയിൻ & പാലിയേറ്റീവ് പദ്ധതി

അടങ്കൽ തുക – 4,00,000/-, ചെലവ് തുക – 3,99,996/-
ട്രഷറി ബിൽ നം. 1/17-18, തുക – 80,320/- തീ.15.07.17
2/17-18, തുക – 27,800/- തീ.29.08.17
3/17-18, തുക – 19,800/-, തീ.18.09.17
4/17-18, തുക – 20,540/-, തീ.18.10.17
6/17-18, തുക – 74,999/-, തീ.29.11.17
8/17-18, തുക – 74,736/- തീ.22.01.18
9/17-18, തുക – 29,439/-, തീ.22.02.18
11/17-18, തുക – 44,322/-, തീ.17.03.18
12/17-18, തുക – 20,040/-, തീ.28.03.18
പ്രൊഫോർമ ഇൻവോയ്സ് നം. PRF-1650 തീ.25.10.17 പ്രകാരം മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി 49,999/- രൂപയും (ട്രഷറി ബിൽ നം.6/17-18, തീ.27.11.17) പ്രൊഫോർമ ഇൻവോയ്സ് നം.PRF-4924 തീ.15.03.18 പ്രകാരം 22,000/- രൂപയും (ട്രഷറി ബിൽ നം.12/17-18, തീ.28.03.18) KMSCL ന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം.578, തീ.12.04.18 പ്രകാരം 33,548/- രൂപയ്ക്കും ഇൻവോയ്സ് നം.11229, തീ.26.10.18 പ്രകാരം 12,904/- രൂപയ്ക്കും ഇൻവോയ്സ് നം.9416, തീ.05.07.18 പ്രകാരം 9,416/- രൂപയ്ക്കും ഇൻവോയ്സ് നം.6282, തീ.09.08.18 പ്രകാരം 9,173/- രൂപയ്ക്കും ഇൻവോയ്സ് നം.8739, തീ.21.09.18 പ്രകാരം 2,254/- രൂപയ്ക്കുമായി മൊത്തം 67,295/- രൂപയ്ക്കുള്ള മരുന്നാണ് ലഭ്യമാക്കിയിട്ടുള്ളത്. 4,704/- രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്. തുക കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കിയിട്ടില്ല.
ബാക്കി ലഭിക്കേണ്ട മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ ഫ്രെയ്റ്റ് ചാർജ്ജ് ഈടാക്കുന്നു

പ്രൊജക്ട് നമ്പർ - 21/17-18, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
ട്രഷറി ബിൽ നം. 01/17-18, തീ.28.10.2017, തുക – 2,00,000/-
മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ 2,00,000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം.LF-816/25.07.2018 പ്രകാരം 90,008/- രൂപയ്ക്കുള്ള മരുന്നും, ഇൻവോയ്സ് നം.LF-1704/21.02.2018 പ്രകാരം 1,09,992/- രൂപയ്ക്കുള്ള മരുന്നും ലഭ്യമായിട്ടുണ്ട്. ഇതിൽ ആദ്യത്തെ ബില്ലിൽ നിന്നും 2,958/- രൂപയും, രണ്ടാമത്തെ ബില്ലിൽ നിന്നും 3,911/- രൂപയും അടക്കം ആകെ 6,869/- രൂപ ഫ്രെയ്റ്റ് ചാർജ്ജ്

ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. നിർവഹണോദ്യഗസ്ഥൻ മരുന്നിന് തുക കൈമാറുമ്പോൾ, ഹോംകോയുമായി മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കരാർ വയ്ക്കുന്നില്ല. ആയതിനാൽ ഹോംകോയുമായി കരാറിലേർപ്പെടേണ്ടതും, മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 മഴക്കാല ശുചീകരണം-രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

വൗച്ചർ 21700270/ 30.6.17 പ്രകാരം 101484/- രൂപയും,വൗച്ചർ 21701293/ 8.3.18 പ്രകാരം 22554/- രൂപയും ഉൾപ്പെടെ ആകെ 124038/- രൂപ 18 വാർഡുകളിലെ മഴക്കാലശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം, തെക്കുംകരയ്ക്ക് നൽകിയിട്ടുണ്ട്. ചെലവ് വിശദാംശങ്ങളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടെങ്കിലും ( എൻക്വയറി നമ്പർ 31/24.11-18) ചെലവു രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. 1,2,4,9,12,16,17,18 വാർഡുകളുടെ ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിലെ ചെലവ് തുക 55128/- രൂപ ( 8*6891/-)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല

2017-18 സാമ്പത്തികവർഷത്തെ കൃഷി -ചെറുകിട ജലസേചനം സ്റ്റാറ്റസ് റിപ്പോർട്ട് ഹാജരാക്കാത്തതിനാൽ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ കാർഷികമേഖല സംബന്ധിച്ച വിശദാംശങ്ങൾ,അവസ്ഥാ എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വികസനത്തിനും,ഉൽപ്പാദന വർദ്ധനവിനുമുള്ള നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകളിലെ യോഗതീരുമാനങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്.6-03-2017ൽ നടന്ന 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വിവിധ പാടശേഖരങ്ങളിലേക്ക് ട്രാക്ടർ,കൊയ്ത്തുയന്ത്രം എന്നിവ ഇറക്കാനുള്ള റാംപ് നിർമ്മാണം,ചീപ്പുകൾ പുനരുദ്ധാരണം ,ഷട്ടർ നിർമ്മാണം,കുളങ്ങളുടെ പുനരുദ്ധാരണം എന്നീ നിർദ്ദേശങ്ങൾ ഉയർന്നെങ്കിലും ആയത് നിർവ്വഹണോദ്യഗസ്ഥർ മുഖേനയോ ,തൊഴിലുറപ്പ് പദ്ധതി മുഖേനയോ ഏറ്റെടുത്തതായി കാണുന്നില്ല.2017-18സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 7 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. മേൽ പ്രൊജക്ടുകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| സമഗ്ര നെൽകൃഷി വികസനം | 2796702 | 2790812 |
| തെങ്ങിന് വളം | 245366 | 115290 |
| കവുങ്ങിന് വളം | 74330 | 35624 |
| നേന്ത്രവാഴക്ക് വളം | 166331 | 78175 |
| പച്ചക്കറിതൈകൾ വിതരണം (ജനറൽ) | 100000 | 100000 |
| പച്ചക്കറി തൈകൾ | 100000 | 40000 |

| | | |
|---|---|---|
| വിതരണം-വനിത (എസ്.സി) | | |
| ഇടവിളകൃഷി -കിഴങ്ങ് വർഗ്ഗങ്ങൾ | 194000 | 194000 |

ജി.ഒ(എം.എസ്) 72/2017 ത.സ്വ.ഭ.വ തിയതി 3.4.17 പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു നിശ്ചിതകാലയളവിനുള്ളിൽ കാർഷിക മേഖല സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളവയായിരിക്കണം കാർഷികമേഖല പ്രൊജക്ടുകൾ. എന്നാൽ ഓരോ വർഷവും ഒരേ തരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകുമോ എന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 80/17 .ത.സ്വ.ഭ.വ തിയതി 3.4.17 ൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില/ഉല്പാദക ബോണസ്,കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി,പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണന സംവിധാനം, വീടുകൾ ഹരിതഭവനം എന്നിങ്ങനെ വൈവിദ്ധ്യങ്ങളായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.എന്നാൽ കാർഷികമേഖലയ്ക്ക് കൂടുതൽ പ്രയോജനകരമായ ഇത്തരം പ്രൊജക്ടുകൾ ഒന്നും തന്നെ ഏറ്റെടുക്കാതെ വളം വിതരണം, കൂലിചെലവ് സബ്സിഡി തുടങ്ങിയ പ്രൊജക്ടുകൾ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്.

വൈവിദ്ധ്യമാർന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം-വെറ്ററിനറി സർജൻ

1.പ്രൊജക്ട് നം-54/18

വികസനഫണ്ട്-250000/-

ട്രഷറി ബിൽ നം-2/12.1.18-250000

ഗുണഭോക്താക്കളുടെ എണ്ണം -40

2. പ്രൊജക്ട് നം.250/18പ്രത്യേക കന്നുകുട്ടി പരിപാലനം-രണ്ടാം ഘട്ടം

വികസന ഫണ്ട്-250000/-

ട്രഷറി ബിൽ നം.5/24.01.18 -250000/-

ഗുണഭോക്താക്കളുടെ എണ്ണം - 20

ആകെ ഗുണഭോക്താക്കളുടെ എണ്ണം-60

തെരഞ്ഞെടുത്ത 60 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ട് നം.71301140000034 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തീറ്റവിതരണം 3/18 മുതൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയതുവരെ ചെലവു തുക 500000/- തടസ്സപ്പെടുത്തുന്നു.

## 3-6 വെറ്ററിനറി സർജൻ നടപ്പിലാക്കിയ "കിടാരി വളർത്തൽ" പദ്ധതി -അപാകതകൾ

പ്രൊജക്ട് നം. -130/18, കിടാരി വളർത്തൽ

അടങ്കൽ തുക -വികസന ഫണ്ട് -186000/-

ഗുണഭോക്തൃവിഹിതം-186000/-

ചെലവ് തുക

ട്രഷറി ബിൽ നം.4/17-18 തുക -144000/-തി.24/01/2018

ട്രഷറി ബിൽ നം.6/17-18 തുക -42000/-തി.16/03/2018

ചെക്ക് നം.1909457/തി.19/01/2018 തുക – 144000/-

ചെക്ക് നം.1909476/തി.15/03/2018 തുക -42000/-

ടി പദ്ധതി പ്രകാരം 72 വനിത ഗുണഭോക്താക്കൾക്ക് 12-18 മാസം പ്രായമുള്ള കിടാവിനെയും കിടാവ് ഒന്നിന് 6000/ രൂപ സബ്സിഡിയും 6000/- ഗുണഭോക്തൃവിഹിതവും ചേർന്ന് 12000/- രൂപയും നൽകുന്നു. 31 പേർക്ക് കിടാരികളെ നൽകിയിട്ടുണ്ട്. ടി പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കിടാരി വളർത്തൽ എന്ന ഈ പദ്ധതി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർവ്വഹണം ചെയ്തിരിക്കുന്നത്.എന്നാൽ ടി. പദ്ധതി പ്രകാരം രാജൻ, ഇടയംകോട്ടയിൽ, മണലിത്തറ എന്ന പുരുഷ ഗുണഭോക്താവിന് (വാർഡ് 9-പഴയന്നൂപ്പാടം) കിടാരിയെ നൽകിയതിന് ജോവിൻസ്.ഇ.എം.,കട്ടിലപൂവ്വം എന്നയാളുടെ അക്കൗണ്ടിലേക്ക് (എ.സി.നം.67397663672) 6000/- രൂപ നൽകിയിരിക്കുന്നു.

2.സ.ഉ.(എം.എസ് )നം.80/2017/ത.സ്വ.ഭ.വ. തിയ്യതി.3/4/2017ലെ ഖണ്ഡിക 2.15(1)പ്രകാരം സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർ/ഫാമിലി പെൻഷണർ എന്നിവരിൽ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബം ജനറൽ 1 ലക്ഷം, പട്ടികജാതി 2 ലക്ഷം രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ടി പദ്ധതി പ്രകാരം ഗുണഭോക്താവായ ശ്രീമതി.തങ്കമ്മ അയ്യപ്പൻ, പാലിയേൽവീട്, വട്ടായി, കുണ്ടുകാട് ഉൾപ്പെടുന്ന റേഷൻ കാർഡിൽ (കാർഡ് നം.1842063534) ടിയാരിയുടെ ഭർത്താവ് സർവ്വീസ് പെൻഷണർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

3. ടി പദ്ധതിയിലെ ഗുണഭോക്താവായ പുഷ്പലത, ചുള്ളിക്കാട്ടിൽ (വാർഡ് 1-കരുമത്ര)ന് കിടാരിയെ നൽകിയതിന് മണികണ്ഠൻ.ടി., തൊണ്ടിക്കാട്ടിൽ ഹൗസ്, വിരുപ്പാക്ക എന്ന വ്യക്തിക്ക്, അപേക്ഷയോടൊപ്പം സമർപ്പിച്ച ബാങ്ക് പാസ്സ് ബുക്ക് കോപ്പി പ്രകാരം അക്കൗണ്ട്

നം.85581011000491l, ബാങ്ക് ഓഫ് ഇന്ത്യ എന്ന നമ്പറും ട്രഷറി ബില്ലിന്റെ കൂടെയുള്ള ഗുണഭോക്തൃലിസ്റ്റിൽ അക്കൗണ്ട് ന.67087451751 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രീ. മണികണ്ഠന് ഏത് അക്കൗണ്ടിലേക്കാണ് 6000/- രൂപ ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/17-12-2018) ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ക്രമ.നം.1, 2 എന്നിവയിലെ ചെലവ് തുക 12000/- രൂപ നിരാകരിക്കുന്നു. അനർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നമ്പർ 3 പ്രകാരമുള്ള തുക 6000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് ഡിജിറ്റൽ അവേർനസ്സ് പരിശീലനം നൽകിയത്- രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് ഡിജിറ്റൽ അവേർനസ്സ് പരിശീലനം നൽകുന്നതിനായി ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരത്തിന് 34500/ -രൂപ വൗച്ചർ നം.21700078/20.04.2017 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകളും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കാത്തതിനാൽ ചെലവു തുക 34500/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം.നം.21/21.12.18)

## 3-8 സ്വകാര്യ വ്യക്തിയുടെ പറമ്പിലെ മരങ്ങൾ മുറിച്ചു മാറ്റിയതിന് ചെലവഴിച്ചതുക-തുടർ നടപടി സ്വീകരിക്കേണ്ടതാണ്

തലപ്പിള്ളി താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശ്രീമതി.വിശാലം, തോട്ടിക്കാട്ടിൽ വീട്, പുന്നംപറമ്പ് എന്നവരുടെ വീടിന് ഭീഷണിയായ ശ്രീമതി.ശാന്ത, പുന്നംപറമ്പ് എന്നവരുടെ പറമ്പിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വൗച്ചർ നം.21700691/30.10.2017 പ്രകാരം 5000/- രൂപ കെ.എസ്.ബാബു എന്ന വ്യക്തിക്ക്, നൽകിയിട്ടുണ്ട്. ടി തുക ശ്രീമതി.ശാന്ത, പുന്നംപറമ്പിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തുക തിരികെ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം.21/21.12.2018) മറുപടിയായി തുക അടവാക്കിയിട്ടില്ലെന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതുവരേക്ക് ചെലവ് തുക 5000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന- താമസംവിനാ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

1. പൊതുടാപ്പുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 262 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 114625/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ

ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നിർവ്വഹിച്ചു വരികയാണെന്നും 3 വാർഡുകളിലെ മാത്രമാണ് പൂർത്തീകരിച്ചതെന്നും അറിയിക്കുകയുണ്ടായി.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

2. കുടിവെള്ള പദ്ധതികളുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അടവാക്കി വരുന്നു. ജി.ഒ(ആർ.ടി)3065/2016 ത.സ്വ.ഭ.വ തിയതി 10.11.16 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ, ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ, ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് പിരിക്കാവുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ശേഖരിക്കേണ്ടത് അത്യാവശ്യമാണ്. രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ

## വിവാഹധനസഹായം-രേഖകൾ ഹാജരാക്കിയില്ല

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിന് വൗച്ചർനം.21700548/2.09.2017 പ്രകാരം 150000/- രൂപയും, വൗച്ചർ നം.21701442/31.03.2018 പ്രകാരം 210000/- രൂപയും കൂടി മൊത്തം 360000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 12 ഗുണഭോക്താക്കൾക്ക് 30000/- രൂപ വീതം നൽകിയിട്ടുണ്ട്. 31.03.18-ൽ ട്രാൻസ്ഫർ ചെയ്ത 2,10,000/- രൂപയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിലൊരാളായ എ.എംസുബൈദയുടെ മകളുടെ വിവാഹം നടന്നു എന്നു തെളിയിക്കുന്നതിന് വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.തെക്കുംകര ഗ്രാമപഞ്ചായത്തിൽ മേൽ വിവാഹം രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ മറ്റു ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ വിവാഹം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു വരെ ചെലവ് തുക 30000/ -രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 21/21.12.18)

# 3-11 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ–അപാകതകൾ

2017-18 സാമ്പത്തികവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 7 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. പോഷകാഹാരം (ജനറൽ) & (എസ്.സി)

ജനറൽ പ്രൊജക്ടിൽ വികസന ഫണ്ടിൽ നിന്നും 800000/- രൂപയും, കേന്ദ്രവിഹിതം 469554/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എസ്.സി പ്രൊജക്ടിൽ എസ്.സി.പിയിൽ നിന്നും 344388/- രൂപയും, കേന്ദ്രവിഹിതം 95180/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

എ) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഇൻവോയ്സ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. വിതരണം ചെയ്തതിന്റെ ആകെ അളവ് മിക്കതിലും രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയവയിൽ മിക്കവയും സ്ഥാപനത്തിന്റെ ബില്ലുകളുമായി പൊരുത്തപ്പെടുന്നില്ല.

ബി) ചന്ദ്രൻ.കെ.കെ, സുരേഷ് കുമാർ.കെ.കെ എന്നിവർക്ക് വാഹന വാടകയിനത്തിൽ വിവിധ ബില്ലുകൾ പ്രകാരം തുക അനുവദിച്ചതായി കാണുന്നു. 2017-18 ൽ വാഹനം വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ഹാജരാക്കിയില്ല. (മുൻവർഷത്തെ ക്വട്ടേഷനാണ് ഹാജരാക്കിയത്). ആയതിനാൽ തന്നെ മേൽപറഞ്ഞവർക്ക് തുക അനുവദിച്ചത് ഏതെല്ലാം ബില്ലുകളുടേതാണെന്നും, ഏതു നിരക്കിലാണെന്നും വ്യക്തമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ട്രഷറി ബിൽ നമ്പർ | ഗുണഭോക്താവിന് നൽകിയ തുക |
|---|---|---|
| ചന്ദ്രൻ.കെ.കെ | 2/22.8.17 തുക-180865 | 7195/- |
| | 4/15.9.17 തുക-134220 | 4932/- |
| | ചെക്ക് നം.1909482/27.3.18 തുക-426726/- | 17885/- |
| | ചെക്ക് നം.1909463/16.2.18 | 4740/- |

| | | |
|---|---|---|
| | തുക-95180/- | |
| സുരേഷ് കുമാർ.കെ.കെ | 4/15.9.17 തുക-134220 | 12335/-- |
| | ചെക്ക് നം.1909463/ 16.2.18 തുക-95180/- | 12232/- |
| | ആകെ | 59319/- |

മേൽപറഞ്ഞ വ്യക്തികൾക്ക് കൈമാറിയ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 59319/- തടസ്സപ്പെടുത്തുന്നു.

സി) പോഷകാഹാരം ഗുണനിലവാരം പരിശോധനാ വിധേയമാക്കുന്നില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഡി) കണ്ടിജൻസി ചെലവുകൾ-അക്വിറ്റൻസ് തയ്യാറാക്കിയിട്ടില്ല.

അംഗൻവാടി വർക്കർമാർക്ക് കണ്ടിജൻസി ചെലവുകൾക്ക് താഴെ പറയും പ്രകാരം 2017-18 ൽ തുക അനുവദിച്ചിട്ടുണ്ട്.ഓരോ മാസത്തേക്കും എത്ര രൂപയാണ് ഓരോരുത്തർക്കും അനുവദിച്ചതെന്നും, അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ കൃത്യതയും വ്യക്തമാക്കുന്ന യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|
| 5/13.10.17 | 7761 |
| 6/13.10.17 | 31236 |
| ചെക്ക് നം.1909483/ 27.3.18 | 42828/- |
| ആകെ | 81825/- |

2. <u>വയോജനങ്ങൾക്ക് കട്ടിൽ</u>

പ്രൊജക്ട് -143/18

ആകെ ചെലവ്- ജനറൽ-53938/-

എസ്.സി-578550/-

| | | |
|---|---|---|
| 1) | ഇൻവോയ്സ് നമ്പർ 019/07.12.17 | 100 Nos. |
| 2) | ഇൻവോയ്സ് നമ്പർ 020/15.12.17 | 50 Nos. |

| | | |
|---|---|---|
| 3) | ഇൻവോയ്സ് നമ്പർ 023/26.01.18 | 28 Nos. |
| | | -----------<br>178 Nos. |

2017-18 സാമ്പത്തികവർഷം മേൽ ഇൻവോയ്സുകൾ പ്രകാരം 178 കട്ടിലുകൾ ആലയം സോളാർ പവർടെക്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ ടെണ്ടർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ പരസ്യം നല്കിയത്, ആകെ ലഭിച്ച ടെണ്ടറുകൾ, ടെണ്ടറുകളുടെ താരതമ്യ പട്ടിക തയ്യാറാക്കിയത്, ടെണ്ടർ രജിസ്റ്റർ, പ്രൊക്യൂർമെന്റ്കമ്മറ്റി, ഭരണസമിതി തീരുമാനം എന്നിവ ഹാജരാക്കിയില്ല.

3. മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ വിനോദയാത്ര

പ്രൊജക്റ്റ് നം-239/18

ട്രഷറി ബിൽ നം-10/25.1.18 തുക-27010/-

മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളും അവരുടെ ഒരു രക്ഷിതാവിനോടൊപ്പം ഉല്ലാസയാത്ര എന്നതാണ് ഈ പ്രൊജക്റ്റിലൂടെ ലക്ഷ്യമിട്ടത്. ട്രഷറി ബിൽ പ്രകാരം മാറിയ തുക 27010/- രൂപ നിമേഷ്.കെ.എം, കുറുപ്പത്തുപറമ്പിൽ എന്നയാളുടെ അക്കൗണ്ട് നം.008200100058947-ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എറണാകുളം ആർക്കിയോളജിക്കൽ മ്യൂസിയം സന്ദർശിച്ചതിനു വന്ന വണ്ടി വാടക-15000/-, പ്രവേശനഫീസ്-810/- രൂപ ഭക്ഷണം-11200/- രൂപ (സമൃദ്ധി കാറ്ററിംഗ്, തെക്കുംകര) എന്നീ ചെലവുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

വാഹനവാടക, ഭക്ഷണചെലവ് എന്നിവയുടെ തുക അതാത് സ്ഥാപനങ്ങൾക്കായിരുന്നു അനുവദിക്കേണ്ടിയിരുന്നത്. കൂടാതെ ഉല്ലാസയാത്ര നടത്തിയ കുട്ടികളുടെയും രക്ഷിതാക്കളുടെയും വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 27010/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-12 പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം- മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു

പ്രൊജക്റ്റ് നമ്പർ - 236/18
നിർവ്വഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ട്രഷറി ബിൽ നമ്പർ – 8/8.1.18 തുക-300000/-
ട്രഷറി ബിൽ നമ്പർ – 17/26.2.18 തുക-600000/-
ട്രഷറി ബിൽ നമ്പർ – 19/26.3.18 തുക-75000/-

ജി.ഒ (എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺമക്കളുടെ വിവാഹത്തിന് വരുമാനപരിധി 200000/- രൂപയ്ക്ക് വിധേയമായി 75000/- രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. ഇപ്രകാരം ധനസഹായം അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ നൽകിയിരിക്കണം.

എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ 2016-17 സാമ്പത്തികവർഷം നടന്ന വിവാഹങ്ങൾക്ക് 50000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനു പകരം 2017-18-ലെ ധനസഹായ തുകയായ 75000/- രൂപ വീതം അനുവദിച്ചതായി കാണുന്നു.(പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം 1.4.12 മുതൽ 50000/- രൂപയാക്കി നിജപ്പെടുത്തിയിട്ടുണ്ട്)

| ക്രമ നം. | ഗുണഭോക്താവ് | അപേക്ഷ സമർപ്പിച്ച തിയതി/ | വിവാഹ തിയതി/ വിവാഹ സർട്ടിഫിക്കറ്റ് | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം |
|---|---|---|---|---|---|---|
| 1 | കാർത്ത്യായനി.കെ.സി, പാലക്കൽ | എ4-7758/16 തി.7.12.16 | 6.11.16 7224/16 തിയതി.1.12.16 | 75000 | 50000 | 25000 |
| 2 | കാർത്ത്യായനി, കളത്തിൽ ഹൗസ് | എ2-7240/17 തി.24.2.17 | 29.1.17 812/17 തി.20.2.17 | 75000 | 50000 | 25000 |
| 3 | സരോജിനി, തെക്കുംകര കോളനി | 3.3.17 | 15.1.17 461/17 തി.2.3.17 | 75000 | 50000 | 25000 |
| | | | | | | 75000 |

മേൽപ്രകാരം അധികമായി അനുവദിച്ച 75000/- രൂപ ധനസഹായം ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങൽ-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ – 251/18

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ-വികസനഫണ്ട്-496000/-

ട്രഷറി ബിൽ നമ്പർ – 20/26.3.18 തുക -496000/-

പ്രൊജക്ടിലെ രേഖപ്പെടുത്തൽ പ്രകാരം 30000/- രൂപ മെഡിക്കൽ ക്യാമ്പിനും, 466000/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് വികസനഫണ്ട് വിഹിതം വകയിരുത്തിയിരുന്നത്. പ്രൊജക്ട് നിർവ്വഹണത്തിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. തെക്കുംകര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വെച്ച് മെഡിക്കൽ ക്യാമ്പ് നടത്തിയെന്ന പറയുന്നുണ്ടെങ്കിലും ആരാണ് ക്യാമ്പ് നടത്തിയതെന്നോ, എത്ര പേർ ക്യാമ്പിൽ പങ്കെടുത്തതെന്നോ,ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപകരണങ്ങൾ വിദഗ്ദ ഡോക്ടർമാർ പ്രിസ്ക്രൈബ് ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളുടെ ലിസ്റ്റ്, അർഹത തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങൾ (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്), മുൻവർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന വിവരങ്ങൾ പരിശോധിച്ചത് എന്നിവ ഹാജരാക്കിയിട്ടില്ല.

3. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന പ്രൊജക്ടിൽ തുക വകയിരുത്തിയെങ്കിലും മേൽ തുക കൂടി ഉപകരണങ്ങൾ വിതരണം ചെയ്ത കെൽട്രോണിന് അനുവദിച്ചതായി കാണുന്നു.

4. കെൽട്രോണിന്റെ ഇൻവോയ്സ് നം.MKTG/TRD/0069/17-18 തി.24.2.18 പ്രകാരം ഹിയറിംഗ് എയ്ഡ് 39 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ലിസ്റ്റിലുള്ള 3 ഗുണഭോക്താക്കൾ നാളിതു വരെ ഉപകരണം കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് (മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല) | ഉപകരണം | വില |
|---|---|---|---|
| 1. | രാധാമണി | Severe BTE | 5600 |
| 2. | ഭാരതി, കരുമത്ര | Profound Pocket | 2200 |
| 3. | ജോസ്, കുണ്ടുകാട് | Profound Pocket | 2200 |

മേൽപറഞ്ഞ ഉപകരണങ്ങൾ ഗുണഭോക്താക്കൾ കൈപ്പറ്റാത്തതിനാൽ നിലവിൽ അംഗനവാടി നമ്പർ 112ൽ സൂക്ഷിച്ചിരിക്കുകയാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 18/20.12.18 ന നിർവ്വഹണോദ്യാഗസ്ഥ നൽകിയ മറുപടിയിൽ ഉപകരണങ്ങൾ കൈപ്പറ്റാൻ പല പ്രാവശ്യം അറിയിച്ചിട്ടും ഗുണഭോക്താക്കൾ എത്തിയില്ല എന്ന പറയുന്നു. ക്യാമ്പിൽ പങ്കെടുത്ത് ഡോക്ടർ നിർദ്ദേശിച്ച ഉപകരണം കൈപ്പറ്റാൻ ഗുണഭോക്താക്കൾ എന്തു കൊണ്ടാണ് മടിക്കുന്നതെന്ന വിവരം വ്യക്തമല്ല.

ഉപകരണങ്ങളുടെ വാറണ്ടി പിരീഡ് അവസാനിക്കുന്നതിന മുമ്പേ (ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല) ഗ്രാമപഞ്ചായത്തിൽ ഹിയറിംഗ് എയ്ഡ് ആവശ്യമുള്ള അർഹരായ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ പ്രസ്തുത ഉപകരണങ്ങൾ അവർക്ക് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

5. കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല

ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ജോയൽ, അംബിക, തങ്ക എന്നിവർ ഉപകരണം കൈപ്പറ്റിയതായി നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 18/20.12.18) കൈപ്പറ്റ് രസീതികൾ ഹാജരാക്കിയിട്ടില്ല.

6. ഉപകരണം വിതരണം ചെയ്ത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 496000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-

## (എസ്.ടി)-പ്രൊജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തേണ്ടതിന്പകരം മറ്റു ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി.

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-(എസ്.ടി) പ്രൊജക്ടിൽ (പ്രൊജക്ട് നമ്പർ 245/18) പട്ടികവർഗ്ഗ വിഹിതം 135000/- രൂപ, മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം 88000/- രൂപ എന്നിങ്ങനെയാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത 88000/- രൂപ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ പട്ടികവർഗ്ഗ വിഹിതം പട്ടികവർഗ്ഗ ഭവനനിർമ്മാണത്തിനായി തെക്കുംകര ഗ്രാമപഞ്ചായത്തിന് കൈമാറിയതാണ്. ആയത് മേൽ പ്രൊജക്ടിൽ മറ്റു ഗ്രാമപഞ്ചായത്ത് വിഹിതം എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് പ്രൊജക്ട് നിർവ്വഹിച്ചിരിക്കുന്നത്. 2017-18 സാമ്പത്തികവർഷം മേൽ തുക വിനിയോഗിച്ചിട്ടില്ല. 2018-19ലെ ചെലവു സ്റ്റേറ്റ്മെന്റിൽ മറ്റു ഗ്രാമപഞ്ചായത്ത് വിഹിതം എന്ന ഹെഡിൽ നിന്നും തുക ചെലവു കാണിച്ചിട്ടുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 സമ്പൂർണ്ണ ഭവനനിർമ്മാണം-നാളിതുവരെ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയില്ല

തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ വായ്പാധിഷ്ഠിത ഭവന നിർമ്മാണ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി ശ്രീമതി.പുഷ്പലത ബാലചന്ദ്രൻ, പാലിശ്ശേരി താഴത്തുവളപ്പിൽ എന്നയാൾ 20.11.13ൽ 35000/- രൂപയും, 9.1.14ൽ 25000/- രൂപയും ഉൾപ്പെടെ ആകെ 60000/- രൂപ കൈപ്പററിയിരുന്നു. ടി ഗുണഭോക്താവിന് 23.10.14ൽ തുക തിരികെ അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ മേൽ തുക തിരികെ അടവാക്കിയിട്ടില്ല. തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/13.12.18) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചതിനാൽ ലൈഫ് ഒന്നാംഘട്ടത്തിൽ ഇവരെ ഉൾപ്പെടുത്താൻ സാധിച്ചില്ലെന്നും, ഗുണഭോക്താവ് നാളിതുവരെ തുക തിരിച്ചടവാക്കിയില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള തുടർനടപടികൾ ഗുണഭോക്താവ് സ്വീകരിക്കാത്ത പക്ഷം ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി-ഗുണഭോക്താവിൽ നിന്നും തിരികെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ തിരിച്ചടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വായ്പാധിഷ്ഠിത ഭവന നിർമ്മാണ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയിരുന്ന സുജിത സജീവൻ, പള്ളിക്കര ഹൗസ്, മണലിത്തറ എന്ന ഗുണഭോക്താവ് 21.3.16 ലെ രസീതി നമ്പർ 11502003484/21.3.16 പ്രകാരം 90000/- രൂപ തുക റീഫണ്ട് ചെയ്തതായി കാണുന്നു. കൂടാതെ രസീതി നമ്പർ 11502003483 പ്രകാരം 30452/- രൂപ പലിശയിനത്തിലും അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ലോൺ അക്കൗണ്ടിലേക്ക് തിരിച്ചടവാക്കിയതുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.4/13.12.18, ക്രമ നം.3) മറുപടി ലഭ്യമാക്കിയില്ല. 2017-18

സാമ്പത്തികവർഷം സമ്പൂർണ്ണ ഭവനപദ്ധതിയുടെ വായ്പാ തിരിച്ചടവിന് വികസനഫണ്ട് വിഹിതം വകയിരുത്തി തിരിച്ചടവ് പൂർത്തിയാക്കി വായ്പ ക്ലോസ് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഗുണഭോക്താവ് തിരിച്ചടവാക്കിയ തുക വികസന ഫണ്ടിലേക്ക് തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ഗുണഭോക്താക്കളുടെ അഭാവം -വകയിരുത്തിയ വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ.

2017-18 സാമ്പത്തികവർഷം ജലസംരക്ഷണം, മാലിന്യസംസ്കരണം എന്നിവ ലക്ഷ്യമിട്ട് താഴെ പറയുന്ന പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അഭാവം മൂലം വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവു തുക | പദ്ധതിയിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി നടപ്പാക്കിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 123/18 | ബയോഗ്യാസ് പ്ലാന്റ് | വികസന ഫണ്ട്-105000 | 57750/- | 20 | 11 |
| 212/18 | ജൈവ സംഭരണി | വികസന ഫണ്ട്-19375 | 13175 | 25 | 17 |
| 121/18 (സ്പിൽ ഓവർ) | ഡൊമെസ്റ്റിക് പൈപ്പ് കമ്പോസ്റ്റിംഗ് | വികസന ഫണ്ട്-119880<br>കേന്ദ്രാവിഷ്കൃതം-599400<br>ഗു.വി-79920<br>ആകെ-799200 | 5535 (16-17-ലെ ചെലവ്)<br>27675<br>3690<br>ആകെ-36900 | 888 | 41 |
| 122/18 (സ്പിൽ ഓവർ) | പോർട്ടബിൾ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | വികസനഫണ്ട്-200000<br>കേന്ദ്രാവിഷ്കൃതം-400000<br>ഗു.വി-240000<br>ആകെ-840000 | 75600 (16-17 ലെ ചെലവ്)+ 14400 (17-18 ലെ ചെലവ്)<br>180000<br>108000<br>ആകെ-378000 | 80 | 36 |
| 226/18 | കിണർ റീചാർജിംഗ് | വികസനഫണ്ട്-310000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-60000 | വികസന ഫണ്ട്-288000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-60000 | 170 | 58 |

| | | | | | |
|---|---|---|---|---|---|
| | | തനത് ഫണ്ട്-50000<br>ബ്ലോക്ക് പഞ്ചായത്ത്-600000<br>ആകെ-1020000/- | തനത് ഫണ്ട് ബ്ലോക്ക് പഞ്ചായത്ത്<br>ആകെ-348000 | | |

ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം നൽകാൻ തയ്യാറാകാത്തതും, കരാറിലേർപ്പെടാൻ വിസമ്മതിക്കുന്നതും കാരണം പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്നില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറി നമ്പർ 26/22.12.18 നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.

സ്പിൽ ഓവർ പദ്ധതി യഥാസമയം നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതിഫണ്ട് നഷ്ടമാകുന്നതിനിടയാക്കപ്പെട്ടു. പദ്ധതി രൂപീകരണ വേളയിൽ തന്നെ പ്രൊജക്റ്റിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം ആവശ്യകതയും ഫീസിബിലിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണം സ്റ്റാൻിംഗ് കമ്മിറ്റികൾ വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് നടപ്പിലാക്കുവാൻ സാധ്യമാവാത്തപക്ഷം മറ്റു പദ്ധതികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്.

## 3-18 അടങ്ങളം-ചെമ്പോട് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ –276/18
നിർവ്വഹണം - സെക്രട്ടറി
അടങ്കൽ – ധനകാര്യകമ്മീഷൻ ഗ്രാന്റ് -150000/-
ട്രഷറി ബിൽ നമ്പർ - 51/27.3.18 തുക-149500/-
കരാറുകാരൻ- നവഭാരത് ഏജൻസീസ്, വടക്കഞ്ചേരി, പാലക്കാട്

അടങ്ങളം-ചെമ്പോട് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കലിന് 07.02.18-ലെ ത്രിതല ഇലക്ട്രിക് കമ്മറ്റിയുടെ 187/EE/LSGS/Electrical committee നമ്പർ പ്രകാരം 150000/- രൂപയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എ2-1001/18 തിയതി.27.2.18 പ്രകാരം ടെണ്ടർ പരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ 8 മീറ്റർ പോൾ, 100വാട്ട്x4 ഫ്ലഡ് ലൈറ്റ്, കൺട്രോൾ പാനൽ എന്നിവയ്ക്ക് 149500/- രൂപ രേഖപ്പെടുത്തിയ നവഭാരത് ഏജൻസീസ്, വടക്കഞ്ചേരി, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട് (12.3.18 ലെ 2(4) തീരുമാനം). 12.3.18-ലെ 2(15) തീരുമാനപ്രകാരം തുക അനുവദിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് നമ്പർ 126/20.3.18 പ്രകാരമുള്ള 149500/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നം.43100870006348)

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ത്രിതല ഇലക്ട്രിക് കമ്മറ്റിയുടെ സാങ്കേതികാനുമതി, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കിയതിനു ശേഷമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചതെങ്കിലും എസ്റ്റിമേറ്റ് ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

2) 19.3.18-ലെ എ2-1110/18 കത്തു പ്രകാരം പ്രവൃത്തിയുടെ ഫൈനൽ ബിൽ, എം.ബുക്ക് എന്നിവ

തയ്യാറാക്കി നൽകുന്നതിന് ത്രിതല ഇലക്ട്രിക് കമ്മറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 1.8.18-ലെ ഡി1-2703/18 കത്ത് പ്രകാരം മാത്രമാണ് ആയവ ലഭ്യമാക്കിയിട്ടുള്ളത്. ഫൈനൽ ബിൽ ലഭ്യമാകുന്നതിനു മുമ്പേ സ്ഥാപനത്തിന് തുക അനുവദിച്ചിരിക്കുന്നു.

3) എസ്റ്റിമേറ്റിൽ വകയിരുത്തിയ ഇനങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിയുടെ മൂല്യം | 123330 |
| ജി.എസ്.ടി 12%- | 14800 |
| കെ.എസ്.ഇ.ബി. പേപ്പർ | 500 |
| കെ.എസ്.ഇ.ബി. ചാർജ് | 6000 |
| ആകെ | 144630 |
| അൺഫോർ സീൻ | 437 |
| ഇലക്ട്രിക് കമ്മറ്റി പ്രതിഫലം – 4% | 4933 |
| | 150000 |

എം.ബുക്ക് നം.1/18 ലെ രേഖപ്പെടുത്തൽ പ്രകാരം (ചെക്ക് മെഷർ തിയതി-27.7.18) ആകെ പ്രവൃത്തിയുടെ മൂല്യം 123330/- രൂപയാണ്. ആകെ പ്രവൃത്തി മൂല്യത്തിന്റെ 4% ഇലക്ട്രിക് കമ്മറ്റിയുടെ പ്രതിഫലം, IT-1%, WWF-1% കഴിച്ച് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ ബാക്കിയുള്ള തുകയ്ക്ക് മാത്രമാണ് കരാറുകാരന് അർഹതയുള്ളത് എന്നിരിക്കെ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നു. അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതും നിയമാനുസൃതം അടവാക്കേണ്ട തുകകൾ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.13/19.2.18). ആയതു വരെ ചെലവു തുക 149500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 പകൽവീടിനായി വികസനഫണ്ട് ചെലവഴിച്ചെങ്കിലും ഉപയോഗയോഗ്യമാക്കിയ കെട്ടിടം പകൽവീടായി പ്രവർത്തനക്ഷമമാക്കിയില്ല

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി പകൽവീടിനായി 2 പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

1. പകൽവീട് വൈദ്യുതീകരണം (142/18)

ചെലവു തുക-ട്രഷറി ബിൽ നമ്പർ – 53/28.3.18 തുക-73802/-

2.കുത്തുപാറ വാർഡിൽ ആരംഭിക്കുന്ന പകൽ വീടിന് ഫർണ്ണിച്ചർ വാങ്ങൽ (15/18)

ചെലവു തുക-ട്രഷറി ബിൽ നം-3/30.6.17 തുക-21500/-

ചെലവു തുക-ട്രഷറി ബിൽ നം-4/30.6.17 തുക-28500/-

ആകെ - 50000/-

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 2014-15 സാമ്പത്തികവർഷം നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയ കെ.കരുണാകരൻ സ്മാരക സാംസ്കാരികനിലയം കെട്ടിടം പകൽവീടാക്കി മാറ്റുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ടുകൾ പ്രകാരം കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടപ്പാക്കുകയും ഫർണ്ണിച്ചർ വാങ്ങുകയും ചെയ്തിട്ടുണ്ട്.എന്നാൽ സുസ്ഥിര വാണിജ്യ വ്യവസായഗ്രാമം പദ്ധതിയുടെ കീഴിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിവരുന്ന വസ്ത്ര ഗ്രാമം പദ്ധതിയിലെ ടൈലറിംഗ് യൂണിറ്റ് നടപ്പാക്കാൻ അനുയോജ്യമായ കെട്ടിടമായതിനാൽ പകൽ വീടിനു പകരം ടൈലറിംഗ് യൂണിറ്റാണ് നിലവിൽ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

പകൽവീടിനായി നായരങ്ങാടി പി.എച്ച്.സി സബ്സെന്റർ കെട്ടിടം തെരഞ്ഞെടുക്കുകയും ഫർണ്ണിച്ചറുകൾ മേൽ കെട്ടിടത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.പ്രൊജക്ട് പ്രകാരം വാങ്ങിയ സ്റ്റീൽ കട്ടിൽ-1,സ്റ്റീൽ ടേബിൾ-1,എസ് ടൈപ്പ് ചെയർ-1,ടേബിൾ മീഡിയം-1, ആംഡ് പ്ലാസ്റ്റിക് ചെയർ -75 എന്നിവ സൂക്ഷിക്കാനുള്ള സൗകര്യം മാത്രമേ നിലവിൽ പ്രസ്തുത കെട്ടിടത്തിനുള്ളൂ. വയറിംഗ് നടത്തി കറണ്ട് കണക്ഷൻ ലഭിച്ചിട്ടുണ്ടെങ്കിലും ജനൽചില്ലുകൾ പൊട്ടിപ്പൊളിഞ്ഞ് അറ്റകുറ്റപണി അനിവാര്യമായതും നിലവിൽ ഉപയോഗിക്കാൻ സാധിക്കാത്തതുമായ കെട്ടിടമാണത്.കൂടാതെ ജനവാസമില്ലാത്ത മേഖലയിലുമാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്.പകൽവീടിനെ ആശ്രയിക്കുന്നവർക്ക് എളുപ്പത്തിൽ എത്തി ചേരാൻ സാധിക്കുന്ന സ്ഥലം കണ്ടെത്തുന്നത് ഗുണഭോക്താക്കൾക്ക് കൂടുതൽ പ്രയോജനകരമാകും എന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-20 <u>കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവു വിളക്ക് ഇനം മാറ്റി സ്ഥാപിക്കുന്നത് നിർത്തലാക്കേണ്ടതാണ്</u>

2017-18 സാമ്പത്തികവർഷം തെരുവു വിളക്ക് സാമഗ്രികൾ വാങ്ങൽ പ്രൊജക്ടിന്റെ ഭാഗമായി നവഭാരത് ഏജൻസീസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.117/19.3.18 പ്രകാരം 20 വാട്ട് സി.എഫ്.എൽ 50 എണ്ണം വാങ്ങിയിട്ടുണ്ട്. ആയത് 21/3/18, 22/3/18, 26.3.18 തീയതികളിലായി സി.എഫ്.എൽ എ.എം.സി മുഖേന റിപ്പയർ ചെയ്യാൻ കരാർ ഏറ്റെടുത്ത ശ്രീ.ഷൈജു.സി.എഫ്, ചിററിലപ്പിള്ളി എന്നവർ കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 16.9.17 മുതൽ എ.എം.സി നിലവിലിരിക്കെ കരാറുകാരന് ഗ്രാമപഞ്ചായത്തിൽ നിന്നും സി.എഫ്.എൽ. അനുവദിച്ചതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.11/18.12.18) സാധാരണ ബൾബുകൾ മാറ്റി ആയതിനു പകരം സി.എഫ്.എൽ. ഇടുന്നതിനാണ് സി.എഫ്.എൽ നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.യിൽ നിന്നും സാധാരണ ബൾബ് മാറ്റി സി.എഫ്.എൽ ആക്കി മാറ്റുന്നതിന് അനുമതി ആവശ്യപ്പെട്ട് നൽകിയ അപേക്ഷകളോ,കെ.എസ്.ഇ.ബിയുടെ അനുമതിപത്രങ്ങളോ

ഹാജരാക്കിയിട്ടില്ല.ആയതിനാൽ തന്നെ കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെയാണ് തെരുവു വിളക്ക് ഇനം മാറ്റി സ്ഥാപിക്കുന്നതെന്ന് വ്യക്തമാകുന്നു. കെ.എസ്.ഇ.ബി.യുടെ അനുമതിയില്ലാതെ തെരുവു വിളക്കുകൾ ഇനം മാറ്റി സ്ഥാപിക്കുന്നത് നിർത്തലാക്കേണ്ടതാണ്.

തെക്കുംകര ഗ്രാമപഞ്ചായത്ത് മുളങ്കുന്നത്തുകാവ്, പുന്നംപറമ്പ് ഇലക്ട്രിക്കൽ സെക്ഷനുകളിലെ ഡിമാന്റ് നോട്ടീസ് പ്രകാരം 145 ഓർഡിനറി ബൾബുകൾ നിലവിലുള്ളതായി രേഖപ്പെടുത്തി വൈദ്യുതി ചാർജ് അടവാക്കുന്നുണ്ട്. ഓർഡിനറി ബൾബുകൾ മാറ്റി സി.എഫ്.എൽ. ആക്കി മാറ്റിയതായി അറിയിച്ചതിനാൽ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും സാധാരണ ബൾബുകൾ കെ.എസ്.ഇ.ബി ഡിമാന്റിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-21 സി.എഫ്.എൽ റിപ്പയർ-ക്വട്ടേഷൻ ക്ഷണിച്ച കാലയളവ് പൂർത്തീകരിക്കുന്നതിനു മുമ്പേ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു

പ്രൊജക്റ്റ് നമ്പർ-7/18

പ്രൊജക്റ്റ്-സി.എഫ്.എൽ. റിപ്പയർ

അടങ്കൽ-800000/-

ചെലവ്-ട്രഷറി ബിൽ നമ്പർ-36/28.3.18 തുക-556800/-

കരാറുകാരൻ-ഷൈജു.സി.എഫ്.ചിറ്റിലപ്പിള്ളി ഹൗസ്,എരുമപ്പെട്ടി
നിർവ്വഹണം-സെക്രട്ടറി

പ്രൊജക്ടിന്റെ ലക്ഷ്യം- പഞ്ചായത്തിലെ 1300 ൽപരം ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ കത്താതെ വരുന്നത് റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കുന്നത്. 800000/- രൂപ വകയിരുത്തുന്നു.

നിർവ്വഹണം-

ആദ്യ ടെണ്ടർ ഇടെണ്ടർ മുഖേന 7.8.17 ൽ പബ്ലിഷ് ചെയ്യുകയും അവസാന തിയതി 16.8.17 ഉം ബിഡ് ഓപ്പണിംഗ് ഡേറ്റ് 21.8.17 ഉം ആയിരുന്നു. എന്നാൽ ആകെ ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ 22.8.17ൽ റീ-ഇ ടെണ്ടർ നടത്തുകയും ആയതിന് ബിഡ് സമർപ്പിക്കാനുള്ള അവസാന തിയതി 29.8.17ഉം ഓപ്പണിംഗ് തിയതി 2.9.17ഉം ആയിരുന്നു. റീ- ഇ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ 2.9.17-ലെ എ2-1001/17 ക്വട്ടേഷൻ നോട്ടീസ് പ്രകാരം 1600 സി.എഫ്.എൽ. റിപ്പയർ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തിയതി 15.9.17 ആയി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ക്വട്ടേഷനിൽ പങ്കെടുത്ത ഷൈജു.സി.എഫ്, ചിറ്റിലപ്പിള്ളി എന്നവർ മാർച്ച് 2018 വരെയുള്ള കാലയളവിലേക്ക് സി.എഫ്.എൽ. റിപ്പയറിന് 500/- രൂപ ക്വാട്ട് ചെയ്യുകയും ആയത് ഭരണസമിതിയുടെ 16.9.17 ലെ 7(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഒരു വർഷ കാലയളവിലേക്ക് 870/- രൂപ നിരക്കിൽ സി.എഫ്.എൽ. റിപ്പയർ ചെയ്തു തരാമെന്ന കരാറുകാരന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 6.10.17-ലെ 1(19) നമ്പർ തീരുമാനപ്രകാരം മുൻകാല പ്രാബല്യത്തോടു കൂടി 16.9.17 മുതൽ 1 വർഷത്തേക്ക് ഒരു ബൾബിന് 870/- രൂപ നിരക്കിൽ റിപ്പയറിങ്ങ് അംഗീകരിച്ചു നൽകുകയുണ്ടായി. 26.8.17-ലെ കരാർ നം.11/2017 പ്രകാരം കരാറുകാരനുമായി ഏർപ്പെട്ട കരാറുടമ്പടിയിൽ റിപ്പയറിംഗ് എ.എം.സി മുഖേന

നിർവ്വഹിക്കുന്നതിനും ആദ്യഗഡു ആകെ തുകയുടെ 40% (1600*870=1392000,ആയതിന്റെ 40%-556800/-) മാർച്ച് 2018 ലും ബാക്കിയുള്ള ഗഡുക്കൾ 6/18, 10/18 തിയതികളിൽ നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1.പ്രൊജക്റ്റ് രൂപീകരിക്കുന്ന വേളയിൽ 1300 സി.എഫ്.എൽ. റിപ്പയറാണ് ഉദ്ദേശിച്ചിരുന്നത്. ആയതിൽ നിന്നും വ്യത്യസ്തമായി 1600 എണ്ണം റിപ്പയറാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2.ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന ദിവസം 15.9.17 ആയിരുന്നിട്ടും മറ്റു കരാറുകാർക്ക് ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസരം നിഷേധിച്ച് ഗ്രാമപഞ്ചായത്ത് സ്ഥിരം കരാറുകാരന് 26.8.17-ൽ തന്നെ കരാറിലേർപ്പെട്ട് പ്രവൃത്തി തുടങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചത് ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തികളിലെ സുതാര്യമില്ലായ്മ വ്യക്തമാക്കുന്നു.

3.തെരുവു വിളക്കുകളുടെ എണ്ണത്തിൽ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിലില്ലാതിരിക്കെ 1600 എണ്ണത്തിന് എ.എം.സി. നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി നം.11/18.12.18-നുള്ള മറുപടിയായി ""നിലവിലുണ്ടായിരുന്ന എഗ്രിമെന്റ് പിരീഡ് അവസാനിച്ച് പുതിയ പദ്ധതിക്കായി ടെണ്ടർ വിളിക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതിന് സമയം എടുത്തിട്ടുള്ളതാണ് എന്നും ടി കാലയളവിൽ തെരുവു വിളക്കുകൾ അടിയന്തിരമായി അറ്റകുറ്റപണികൾ ചെയ്യേണ്ടി വന്നതിനാൽ പ്രസിഡന്റിന്റെ വാക്കാലുള്ള നിർദ്ദേശപ്രകാരമാണ് 26.8.17 മുതൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത്"" എന്നും മറുപടി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ അപാകതകൾക്ക് ലഭ്യമാക്കിയ പ്രസ്തുത മറുപടി തൃപ്തികരമല്ല.

സി.എഫ്.എൽ. തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കി എ.എം.സി. ഇനത്തിൽ നൽകിയ തുകയുടെ കൃത്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 556800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-22 തെരുവു വിളക്ക്-പ്രൊജക്ടിലെ രേഖപ്പെടുത്തലിൽ നിന്നും വ്യത്യസ്തമായി കരാറിലേർപ്പെട്ടു

പ്രൊജക്റ്റ് നമ്പർ-3/18

പ്രൊജക്റ്റ്-ട്യൂബ് ലൈറ്റ് റിപ്പയർ (ജനറൽ)

ട്രഷറി ബിൽ നമ്പർ -31/8.1.18 തുക-103200

ട്രഷറി ബിൽ നമ്പർ -54/28.3.18 തുക-138800

നിർവ്വഹണം-സെക്രട്ടറി

മേൽ പ്രൊജക്ടിൽ കരാറുകാരൻ സാമഗ്രികൾ സ്വയം വാങ്ങി സ്വന്തം ഉത്തരവാദിത്വത്തിൽ റിപ്പയറിംഗ് നടത്തി തരുന്നു എന്നാണ് രേഖപ്പെടുത്തിയിരുന്നത്. 29.6.17-ലെ എ2-6666/17 നമ്പർ ടെണ്ടർ പരസ്യപ്രകാരം ലഭിച്ച 3 ടെണ്ടറുകളിൽ കുറവു തുക രേഖപ്പെടുത്തിയ പവർ ഓൺ സൊല്യൂഷൻസ്, നെല്ലുവായ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 14.7.17-ൽ അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിൽ Tube light repairing without materials one time repairing എന്നാണ് രേഖപ്പെടുത്തിയിരുന്നത്. പ്രൊജക്ടിൽ നിന്നും വ്യത്യസ്തമായി ടെണ്ടറിൽ നിബന്ധന രേഖപ്പെടുത്തിയിട്ടും, പ്രസ്തുത ടെണ്ടർ അംഗീകരിച്ച് കരാറുകാരനുമായി 17.8.17-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാറിൽ തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും പഞ്ചായത്ത് നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം പ്രൊജക്ടിൽ

നിന്നും വ്യത്യസ്തമായി കരാറിൽ ഏർപ്പെടാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നം.11/18.2.18 നുള്ള മറുപടി ലഭ്യമാക്കിയതിൽ ഇക്കാര്യം വിശദീകരിച്ചിട്ടില്ല.

കരാറുകാരൻ 605 ട്യൂബ് ലൈറ്റുകൾ റിപ്പയർ ചെയ്തതായി വർക്ക് ബില്ലുകൾ ഹാജരാക്കുകയും റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുമുണ്ട്. എന്നാൽ പോസ്റ്റ നമ്പറുകൾ ഒന്നും തന്നെ വർക്ക് ബില്ലിലോ, സാക്ഷ്യപത്രത്തിലോ രേഖപ്പെടുത്തി കാണുന്നില്ല. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പോസ്റ്റ് നമ്പർ രേഖപ്പെടുത്തി ഹാജരാക്കുന്ന വർക്ക് ബില്ലുകൾ, സാക്ഷ്യപത്രങ്ങൾ മാത്രം അംഗീകരിച്ച് തുക അനുവദിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-23 ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ-ഒന്നാംഘട്ടം & രണ്ടാംഘട്ടം-അപാകതകൾ

നിർവ്വഹണം-സെക്രട്ടറി

1. പ്രൊജക്ട് നം-254/18 (ഒന്നാംഘട്ടം)

ട്രഷറി ബിൽ നം-35/17.1.18 തുക-118250/-

ഡബിൾ ട്യൂബ് ലൈറ്റ് സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഡബിൾ ട്യൂബ് ലൈറ്റ് സ്ഥാപിക്കുന്നതിനു തയ്യാറാക്കിയ പ്രൊജക്ടാണിത്.ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 124895/- രൂപ വകയിരുത്തിയ മേൽ പ്രൊജക്ടിൽ ട്യൂബ് സെറ്റ് സ്ഥാപിക്കൽ ഫിറ്റിംഗ് ചാർജ്ജുൾപ്പെടെ 2150/- രൂപ ടെണ്ടർ രേഖപ്പെടുത്തിയ നവഭാരത് ഏജൻസീസ്,പാലക്കാടിന്റെ ടെണ്ടർ അംഗീകരിക്കുകയും55 ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

2.പ്രൊജക്ട് നം-275/18 (രണ്ടാംഘട്ടം)

ട്രഷറി ബിൽ നം-50/27.3.18 തുക-238000/-

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 238625/- രൂപ വകയിരുത്തിയ മേൽ പ്രൊജക്ടിൽ ട്യൂബ് സെറ്റ് സ്ഥാപിക്കൽ ഫിറ്റിംഗ് ചാർജ്ജുൾപ്പെടെ 2000/- രൂപ ടെണ്ടർ രേഖപ്പെടുത്തിയ നവഭാരത് ഏജൻസീസ്, പാലക്കാടിന്റെ ടെണ്ടർ അംഗീകരിക്കുകയും 119 ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

അപാകതകൾ

1.പൊതുമരാമത്ത് വൈദ്യുതി വിഭാഗത്തിലെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ട എസ്റ്റിമേറ്റ് പ്രാബല്യത്തിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങേണ്ടതായിരുന്നു.അപ്രകാരം ചെയ്തിട്ടില്ല.

2.ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം നൽകുന്നതിനും കെ.എസ്.ഇ.ബി (വടക്കാഞ്ചേരി, പുന്നംപറമ്പ്, മുളംകുന്നത്തുകാവ്) സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരോട് ആവശ്യപ്പെടുകയോ അനുമതി ലഭ്യമാകുകയോ, സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ) ലഭിക്കുകയോ ചെയ്തിട്ടില്ല.

ഓരോ വാർഡിലും ഫിറ്റ് ചെയ്ത ട്യൂബുകളുടെ എണ്ണം ബന്ധപ്പെട്ട പോസ്റ്റ് നമ്പർ സഹിതം കെ.എസ്.ഇ.ബി.യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റോടു കൂടി ഹാജരാക്കേണ്ടതാണ്.

സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രവൃത്തി പൂർത്തിയാക്കി ട്യൂബുകൾ ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം തെരുവു വിളക്ക് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒരേ തരത്തിലുള്ള പ്രൊജക്ടിന് രണ്ടു പ്രാവശ്യം പ്രൊജക്ട് രൂപീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചത് ചെലവുതുക ഇരട്ടിപ്പിനും അതോടൊപ്പം തന്നെ ജീവനക്കാരുടെ ജോലിഭാരം കൂട്ടാനും ഇടയാക്കുമെന്നതിനാൽ ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് ഒരൊറ്റ പ്രൊജക്ടായി നിർവ്വഹണം നടത്താനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

കെ.എസ്.ഇ.ബി.യിൽ നിന്നും പോസ്റ്റ് നമ്പർസഹിതമുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവു തുക 356250/- (118250+238000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-24 തെരുവു വിളക്ക് പരിപാലനം-വ്യക്തമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു-പ്രൊജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

2017-18 സാമ്പത്തികവർഷം തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 6 പ്രൊജക്ടുകൾ താഴെ പറയും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | വകയിരുത്തിയ തുക | ട്രഷറി ബിൽ നമ്പർ | ചെലവു തുക |
|---|---|---|---|---|---|
| 1 | 3/18 | ട്യൂബ് ലൈറ്റ് റിപ്പയർ (ജനറൽ) | 250000 | 31/8.1.18 | 103200 |
| | | | | 54/28.3.18 | 138800 |
| 2 | 7/18 | സി.എഫ്.എൽ. റിപ്പയർ | 800000 | 36/23.1.18 | 556800 |
| 3 | 8/18 | തെരുവു വിളക്ക് സാമഗ്രികൾ വാങ്ങൽ | 117020 | 11/22.7.17 | 117020 |
| 4 | 254/18 | ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 124895 | 35/17.1.18 | 118250 |
| 5 | 264/18 | തെരുവു വിളക്ക് സാമഗ്രികൾ വാങ്ങൽ (രണ്ടാംഘട്ടം) | 100000 | 49/17.3.18 | 99657 |
| 6 | 275/18 | ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ (രണ്ടാംഘട്ടം) | 238625 | 50/27.3.18 | 238000 |

| | | | | | |
|---|---|---|---|---|---|
| | | ആകെ | | | 1371727/- |

മേൽ പ്രൊജക്ടുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്ക് രജിസ്ററർ പരിപാലിച്ചിട്ടില്ല

തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ഓരോ വാർഡിലും സ്ട്രീറ്റ് ലൈൻ ഉള്ള സ്ഥലങ്ങളിലെ പോസ്റ്റുകളുടെ നമ്പർ,അവയിൽ ഫിറ്റ് ചെയ്തിട്ടുള്ള തെരുവു വിളക്കിന്റെ ഇനം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

2. പരാതി രജിസ്റ്റർ തയ്യാറാക്കിയത് അപൂർണ്ണമാണ്.

ഗ്രാമപഞ്ചായത്തിൽ പരാതിരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.എന്നാൽ കരാറുകാരൻപരാതി രജിസ്റ്റർ തയ്യാറാക്കിയതിൽ പോസ്ററ് നമ്പറുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതി ലഭിച്ച തിയതി, വാർഡ്, ഏതു സ്ഥലം, പോസ്റ്റ് നമ്പർ, പരാതി പരിഹരിച്ച തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. തെരുവു വിളക്ക് കണക്ക്-പദ്ധതി രേഖ,കെ.എസ്.ഇ.ബി. കരാർ നൽകിയത് എന്നിവ പൊരുത്തപ്പെടുന്നില്ല

| | പദ്ധതി രേഖ | കെ.എസ്.ഇ.ബി. (ഡിമാന്റ് നോട്ടീസ് പ്രകാരം) | കരാർ നൽകിയത് |
|---|---|---|---|
| ഓട്ടോമാറ്റിക് സി.എഫ്.എൽ | 1654 | 1187 | 1600 |
| ട്യൂബ് ലൈറ്റ് | 510 | 52 | 625 |
| ഓർഡിനറി ബൾബ് | 169 | 135 | ---- |
| മറ്റുള്ളവ | 35 | 9 | ---- |

ഇപ്രകാരം കൃത്യമായ കണക്കുകളില്ലാതെയാണ് തെരുവു വിളക്കുകളുടെ റിപ്പയറിംഗിനായി തുക ചെലവഴിക്കുന്നത്.കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ഗ്രാമപഞ്ചായത്ത് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം എ.എം.സി മുഖേനയുള്ള കരാർ നൽകേണ്ടതുമാണ്.

.

4. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല..

5. ആവശ്യകത പരിഗണിക്കാതെ തെരുവു വിളക്ക് സാമഗ്രികൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നു.

തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ട്യൂബ് ലൈറ്റുകളുടെ മുന്നിരിപ്പ് 940 ആണ്. ഗ്രാമപഞ്ചായത്തിൽ ഇത്രയും സ്റ്റോക്ക് ലഭ്യമായിരിക്കെ തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ പ്രൊജക്ടുകളുടെ ഭാഗമായി രണ്ടു പ്രൊജക്ടുകളിലും കൂടി 1020 എണ്ണം ട്യൂബ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ റിപ്പയറിംഗിനായി കരാറുകാരൻ ആകെ കൈപ്പറ്റിയിരിക്കുന്നത് 575 ട്യൂബുകൾ മാത്രമാണ്. ഈയിനത്തിൽ മാത്രം 1385 എണ്ണം ട്യൂബ് ലൈറ്റുകൾ 2017-18 ൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. യഥാർത്ഥത്തിൽ ആവശ്യകത പരിഗണിക്കാതെ ഇപ്രകാരം സാധന സാമഗ്രികൾ വാങ്ങി സൂക്ഷിച്ചതിനു വിശദീകരണം നൽകേണ്ടതാണ്.

6. വാർഷിക കണക്കിലെ സ്റ്റോക്കിന്റെ മൂല്യം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കലിന്റെ ഭാഗമായി സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് പ്രകാരമുള്ള ട്യൂബ് ലൈറ്റുകൾ 350 എണ്ണം ഗ്രാമപഞ്ചായത്തിൽ ലഭ്യമാകാതെ തന്നെ സ്റ്റോക്ക് ലഭിച്ചതായി രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തുകയും ആയതു പ്രകാരമുള്ള മൂല്യം കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തിട്ടപ്പെടുത്തി വാർഷികകണക്കിലെ അപാകത 2018-19 ൽ പരിഹരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-25 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

2017-18 സാമ്പത്തികവർഷം വിവിധ പ്രൊജക്ടുകൾക്കായി കെ.എസ്.ഇ.ബി,കേരള വാട്ടർ അതോറിറ്റി എന്നിവയിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന പ്രൊജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണപത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.കൂടാതെ ജില്ലാപഞ്ചായത്തിന് വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പേര് | സ്ഥാപനം | ട്രഷറി ബിൽ നമ്പർ | തുക |
|---|---|---|---|---|---|
| 1 | 270/18 | ആശാരിക്കട്ട റോഡ് പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 45/28.2.18 | 15914 |
| 2 | 5/18 | വൈദ്യുത പോസ്റ്റ്, സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ.എസ്.ഇ.ബി | 26/31.10.17 | 23265 |
| | | | | 27/31.10.17 | 52290 |
| | | | | 41/28.2.18 | 20250 |

| | | | | | |
|---|---|---|---|---|---|
| 3 | 87/18 | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 2/29.6.17 | 960000/- |
| 4 | 267/18 | പത്താഴക്കുണ്ട് കുടിവെള്ള പദ്ധതിയിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കെ.എസ്.ഇ.ബി | 38/14.2.18 | 40600 |
| | | | | 42/28.2.18 | 19250 |
| 5 | 136/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 18/13.10.17 | 50000 |
| | 127/18 | ബ്ലഡ് ബാങ്കിന് വിഹിതം നൽകൽ | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 19/13.10.17 | 100000 |
| | | | | | 1281569 |

പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയതു വരെ ചെലവുതുക 1281569/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-26 വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം-പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ചെക്ക് മെഷർ ചെയ്യുകയോ ചെയ്തിട്ടില്ല.

പ്രൊജക്റ്റ് നമ്പർ –141/18

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറി ബിൽ നമ്പർ –44/28.2.18 തുക-6,82939/-

ട്രഷറി ബിൽ നമ്പർ –48/17.3.18 തുക- 27865/-

ട്രഷറി ബിൽ നമ്പർ –56/28.3.18 തുക- 36395/-

2017-18 സാമ്പത്തികവർഷം താഴെ പറയുന്ന സ്ഥാപനങ്ങളുടെ വൈദ്യുതീകരണത്തിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ കുറവ് തുക രേഖപ്പെടുത്തിയ ശ്രീ.ബിജു ജോസ്, ചക്കുളത്തുൽ, കൊട്ടാട്ട് പി.ഒ, ചാലക്കുടി എന്നയാൾക്ക് പ്രവൃത്തി ഏൽപ്പിച്ചു നൽകുകയും 6.1.18 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | സിഡി & ഒ.വൈ.ഇ.സി |
|---|---|---|
| 1 | ഐ.സി.ഡി.പി സബ്സെന്റർ,കല്ലുംപാറ | ---- |
| 2 | സാംസ്കാരികനിലയം, വേളാങ്കണ്ണി | 9170 |
| 3 | സാംസ്കാരികനിലയം, വെടിപ്പാറകോളനി | 17150 |
| 4 | സാംസ്കാരികനിലയം, മങ്കര | ---- |
| 5 | പകൽവീട്, അഞ്ചീട്ടി | 3750 |

| | | |
|---|---|---|
| | (വൈദ്യുതീകരണത്തിനായി 2017-18ൽ പ്രൊജക്ട് 142/18 തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ട്) | |
| 6 | പി.എച്ച്.സി സബ്സെന്റർ, നായരങ്ങാടി | 6325 |
| 7 | കൃഷിവകുപ്പ് കെട്ടിടം, പുന്നംപറമ്പ് കോളനി | --- |
| 8 | പി.എച്ച്.സി, കരുമത്ര | ---- |
| 9 | പോസ്റ്റ് ഓഫീസ്, കരുമത്ര | ---- |
| 10 | വെറ്ററിനറി ഡിസ്പെൻസറി, കരുമത്ര | ---- |
| 11 | കുടുംബക്ഷേമഉപകേന്ദ്രം, മണലിത്തറ | ---- |
| 12 | ഗ്രാമകേന്ദ്രം, കരുമത്ര | ---- |
| | | 36395/- |

പകൽവീട് ഒഴികെ ബാക്കിയുള്ള 11 സ്ഥാപനങ്ങളുടെ വൈദ്യുതീകരണത്തിനാണ് തുക വകയിരുത്തിയിട്ടുള്ളത്.മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ സി ഡി &ഒ .വൈ.ഇ സി അടവാക്കാത്തവയ്ക്ക് 2018-19 ൽ സി ഡി &ഒ .വൈ.ഇ സി അടവാക്കി വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ട്. ത്രിതല ഇലക്ട്രിക്കൽ കമ്മറ്റി നൽകിയ എസ്റ്റിമേറ്റിൽ ഓരോ സ്ഥാപനത്തിനും പ്രത്യേകം പ്രത്യേകം എസ്ററിമേറ്റ് തയ്യാറാക്കാതെ മൊത്തത്തിൽ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി 8,33,000/- രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്.

ത്രിതല ഇലക്ട്രിക്കൽ കമ്മറ്റി ലഭ്യമാക്കിയ എം.ബുക്ക് (നം.1/17-18),ഫൈനൽബിൽ എന്നിവയിലും ഓരോ സ്ഥാപനത്തിലും കരാറുകാരൻ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ തന്നെ ഓരോ സ്ഥാപനത്തിലും കരാറുകാരൻ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തതെന്ന വിവരം വ്യക്തമല്ല.

ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-27 ടാങ്കർ ലോറി കുടിവെള്ള വിതരണം-ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ – 227/18
തനത് ഫണ്ട് – 500000/-
വൗച്ചർ നമ്പർ – 21700175/30.5.17 തുക – 365666/-
വൗച്ചർ നമ്പർ – 21700254/22.6.17 തുക – 88744/-

തനതു ഫണ്ട് പ്രൊജക്ടിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല. 19.4.17 മുതൽ 25.5.17 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതിന് ബാബു.കെ.എസ്, കദളിക്കാട്ടിൽ ഹൗസ്, മലാക്ക, മണലിത്തറ എന്നവർക്ക് മേൽപ്രകാരം തുക കൈമാറിയിട്ടുണ്ട്. KL-08-J-2014, KL-08-AZ-8654 എന്നിങ്ങനെ 2 വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വെള്ളം വിതരണവുമായി ബന്ധപ്പെട്ട ട്രിപ്പ് ഷീറ്റുകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. കുടിവെള്ള വിതരണത്തിന്റെ ഫയലും ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.33/24.12.18). രേഖകൾ ഹാജരാക്കുന്നതു വരെ 454410/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-28 ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ

2017-18 സാമ്പത്തികവർഷം ഹെഡ്മിസ്ട്രസ്, ജി.ടി.എൽ.പി. സ്കൂൾ, കാക്കിനിക്കാട് താഴെ പറയുന്ന പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| ക്രമ നം. | | പ്രൊജക്ട് | വകയിരുത്തിയത് | ട്രഷറി ബിൽ നമ്പർ | ചെലവു തുക |
|---|---|---|---|---|---|
| 1* | 66/18 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | വികസനഫണ്ട്- എസ്.സി.പി- 200000 | 8/17.2.18 | 200000 |
| 2 | 68/18 | കായികദീപം, കായിക പരിശീലനം | വികസനഫണ്ട്- ജനറൽ-10000 | 7/24.1.18 | 10000 |
| 3 | 69/18 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് | വികസനഫണ്ട്- ജനറൽ-100000 | 12/28.3.18 | 40000 |
| 4* | 80/18 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | വികസനഫണ്ട്- എസ്.സി.പി- 200000 | 9/17.2.18 | 200000 |
| 5 | 84/18 | എസ്.എസ്.എ | വികസനഫണ്ട്- ജനറൽ-500000 | 1/18.7.17 | 500000 |
| 6* | 90/18 | എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ | വികസനഫണ്ട്- എസ്.സി.പി- 190000 | 3/24.1.18<br>10/28.3.18 | 97890/-<br>92110/-<br>ആകെ-190000 |
| 7 | 134/18 | വായനശാല ആനുകാലികങ്ങൾ | വികസനഫണ്ട്- ജനറൽ-90000 | 5/24.1.18<br>11/28.3.18 | 48150<br>31850<br>ആകെ- 80000 |

പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ, ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്, എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്നീ പ്രൊജക്ടുകളിലെ ഇനങ്ങൾ കെ.പി.എം. സ്റ്റോഴ്സ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്.

വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. ടെണ്ടർ നോട്ടീസ്, ടെണ്ടർ പരസ്യം നൽകിയത്, വാങ്ങലുകൾക്കായി വിൽപ്പന നടത്തിയ ടെണ്ടർ രേഖകളുടെ എണ്ണം, രേഖകൾ വാങ്ങിയവരുടെ പട്ടിക, ലഭ്യമായ തുകയുടെ വിശദാംശം, വിൽപ്പന നടത്താതിരുന്ന ടെണ്ടർ രേഖകളുടെ എണ്ണം എന്നീ വിവരങ്ങൾ അടങ്ങിയ രേഖകൾ / രജിസ്റ്റർ ലഭ്യമാക്കിയില്ല. (സ്റ്റോർ പർച്ചേസ് മാന്വൽ

ഖ.7.35, ഖ.7.36).

2) കെ.പി.എം സ്റ്റോഴ്സ്, ഇംപാക്ട് എന്റർപ്രൈസസ് എന്നീ രണ്ടു സ്ഥാപനങ്ങളുടെ 2 ടെണ്ടറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടെണ്ടർ ഫോമിൽ വ്യവസ്ഥകൾ ഒന്നും തന്നെ പൂർണ്ണമായും പൂരിപ്പിച്ചിട്ടില്ല. പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ചതിൽ സ്ഥാപനത്തിന്റെ പ്രതിനിധി മാത്രമേ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. നിർവ്വഹണോദ്യോഗസ്ഥനോ ഗ്രാമപഞ്ചായത്ത് അധികാരികളോ പ്രിലിമിനറി എഗ്രിമെന്റിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ അദ്ധ്യായം 9 ൽ ഖ.9.2 പ്രകാരം എല്ലാ വകുപ്പുകളും കെ.എഫ്.സി വോള്യം 2 ഫോറം നം.15 ലെ (അനക്സർ 18) മാതൃകയിൽ ഒരു ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടെണ്ടർ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3) ടെണ്ടറുകൾ തുറക്കുന്ന ക്രമത്തിൽ ലഭ്യമായ ക്വട്ടേഷനുകളുടെ ഒരു താരതമ്യപട്ടിക വാങ്ങൽ ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതാണ്. സ്പെസിഫിക്കേഷനുകൾ, നികുതികൾ ഉൾപ്പെടെയുള്ള നിരക്ക്, കിഴിവ് ഉണ്ടെങ്കിൽ ആയത്, വിതരണ സമയം, ഇ.എം.ഡി, ഓഫറിന്റെ സാധുതാ കാലയളവ്, തുക അനുവദിക്കേണ്ട രീതി തുടങ്ങിയ വിവരങ്ങൾ പട്ടികയിൽ ഉണ്ടാകേണ്ടതാണ്. (സ്റ്റോർ പർച്ചേസ് മാന്വൽ അദ്ധ്യായം 9). താരതമ്യപട്ടിക തയ്യാറാക്കിയിട്ടില്ല.

4) മൈക്രോ-ചെറുകിട വ്യവസായ സംരംഭകർ എന്ന് കണക്കാക്കി സ്ഥാപനത്തിന് ഇ.എം.ഡി,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം സപ്ലൈ ചെയ്ത ഉൽപ്പന്നങ്ങൾ അവർ നിർമ്മിക്കുന്നതാണോ അതോ മേൽ ഉൽപ്പന്നങ്ങളുടെ അംഗീകൃത സേവനദാതാക്കളാണോ എന്ന് പരിശോധിച്ച് ജില്ലാ വ്യവസായകേന്ദ്രം മാനേജർ നൽകിയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. (മിനിസ്ട്രി ഓഫ് മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസസിന്റെ 10.1.17ലെ നോട്ടിഫിക്കേഷൻ, എസ്.ഒ.85(E), ക്രമനം.15)).

5) സപ്ലൈ ചെയ്ത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. സൈക്കിൾ, ലാപ് ടോപ്, ഫർണിച്ചർ എന്നിവയുടെ വാറണ്ടി ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം.80/17 ത.സ്വ.ഭ.വ. തിയതി 3.4.17 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും സ്റ്റീൽ/മരം വാങ്ങി നൽകുന്നതിന് ധനസഹായം അനുവദിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.022/4.1.18-ൽ ടേബിൾ-50, ചെയർ-50 എന്നിങ്ങനെ രേഖപ്പെടുത്തി കാണുന്നു. സപ്ലൈ ചെയ്ത ഫർണ്ണിച്ചർ സ്റ്റീൽ/മരമാണോ എന്ന് ബില്ലിൽ രേഖപ്പെടുത്തുകയോ, ആയവ പരിശോധിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല.

2. എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

ലാപ് ടോപ്പിന്റെ ടെണ്ടർ സ്പെസിഫിക്കേഷൻ നൽകിയത് വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ Acer brand, ESI 533 Pertium, Quard core 4GB, ITB 15.6 DOS എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.023/4.1.18-ൽ ലാപ്ടോപ്പ് എന്നുമാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതു ബ്രാന്റ് ആണെന്നോ, സ്പെസിഫിക്കേഷൻ എന്താണെന്നോ, വാറണ്ടിയോ ഒന്നും ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് തന്നെയാണ് സപ്ലൈ ചെയ്തതെന്ന് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.4.6 പ്രകാരം സ്പെസിഫിക്കേഷനുകളും അനുബന്ധ സാങ്കേതിക വിവരങ്ങളും ഉപയോക്താവിന്റെ ആവശ്യം

പൂർണ്ണമായും നിറവേറ്റുന്ന വിധത്തിൽ പൂർണ്ണവും ശരിയുമാണെന്ന് ഉറപ്പാക്കേണ്ടതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഉയർന്ന സാങ്കേതിക മേന്മ ഉറപ്പുവരുത്തേണ്ട ലാപ് ടോപിന്റെ മേൽപ്പറഞ്ഞ നടപടിക്രമം പാലിച്ചിട്ടില്ല.

3. എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ

കെ.പി.എം. സ്റ്റോഴ്സിൽ നിന്നും ആൺകുട്ടികളുടെ 18 സൈക്കിളും, 22 പെൺകുട്ടികളുടെ സൈക്കിളും ഉൾപ്പെടെ ആകെ 40 സൈക്കിൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.021/4.1.18)

എ) സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) നം.80/17 ത.സ്വ.ഭ.വ തിയതി 3.4.17 പ്രകാരം 8, 9, 10 ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. എന്നാൽ സൈക്കിൾ കൈപ്പററിയ ശ്രീജേഷ്.ടി.വി, തൊഴുതിങ്ങൽ പറമ്പിൽ എന്ന കുട്ടിയുടെ പേര് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിദ്യാർത്ഥിയാണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി) അനു.എ, s/o.അനിൽ.സി.ആർ എന്ന വിദ്യാർത്ഥി ഹാജരാക്കിയ അർഹത സാക്ഷ്യപത്രങ്ങൾ യഥാവിധി പരിശോധിക്കാതിരുന്നതിനാൽ ആൺകുട്ടികളുടെ സൈക്കിളിനു പകരം പെൺകുട്ടികൾക്കുള്ള സൈക്കിളാണ് പ്രസ്തുത വിദ്യാർത്ഥിക്ക് വിതരണം നടത്തിയിരിക്കുന്നത്.

സി)ചെക്ക് നം.1909485 തിയതി.28.3.18 പ്രകാരം തനതു ഫണ്ടിൽ നിന്നും 5820/- രൂപ നിർവ്വഹണോദ്യോഗസ്ഥക്ക് നൽകിയിട്ടുണ്ട്. ആയത് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്ടുമായി ബന്ധപ്പെട്ട് നൽകിയ മേൽ തുകയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.

4. വായനശാല ആനുകാലികങ്ങൾ

തെക്കുംകര ഗ്രാമപഞ്ചായത്തിലെ 8 വായനശാലകൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 10000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ജി.ഒ (ആർ.ടി)2148/14 ത.സ്വ.ഭ.വ തിയതി.19.8.14 പ്രകാരം ഗ്രന്ഥശാലാ സംഘത്തിന് കീഴിലുള്ള ലൈബ്രറികൾക്ക് ഫർണ്ണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനാണ് ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.27/22.12.18). ആയതു ലഭ്യമാക്കുന്നതു വരെ ചെലവു തുക 590000/- (200000+200000+190000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-29 മണലിത്തറ 113ാം നമ്പർ അംഗൻവാടി-ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്

ബഹു.മുൻ ഖാദി സഹകരണ വകുപ്പ് മന്ത്രി ശ്രീ.സി.എൻ. ബാലകൃഷ്ണന്റെ പ്രാദേശിക വികസനഫണ്ട് വിനിയോഗിച്ച് മണലിത്തറ തച്ചോടിവഴിയോട് ചേർന്ന പാടശേഖരത്തിൽ പണി പൂർത്തീകരിച്ച മണലിത്തറ അംഗൻവാടി കെട്ടിടത്തിന്റെ ഉദ്ഘാടനം 18.8.15 ൽ നടത്തുകയുണ്ടായി. ഭരണസമിതിയുടെ തീരുമാനപ്രകാരം കെട്ടിടം പണിതിരിക്കുന്നത് നിലം നികത്തു കമ്മറ്റിയുടെ അനുവാദമില്ലാതെയാണ് എന്നു രേഖപ്പെടുത്തി കാണുന്നു. തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റിനോടനുബന്ധിച്ച് 22.12.18ൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം പാടത്തിനു നടുവിലാണ് പണി തീർത്തിട്ടുള്ളത് എന്നു കാണുകയുണ്ടായി. കെട്ടിടത്തിന് കെട്ടിട നമ്പർ, കുടിവെള്ള

കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ ഉദ്ഘാടനം കഴിഞ്ഞ് ഇത്ര വർഷമായിട്ടും ഏർപ്പെടുത്തിയിട്ടില്ല. 5 വയസ്സിനു താഴെയുള്ള കുട്ടികൾ എത്തേണ്ട ഈ കെട്ടിടത്തിലേക്ക് നിലവിൽ പാടത്തെ വെള്ളച്ചാലിലൂടെയാണ് വഴി ഇട്ടിരിക്കുന്നത്. വർഷക്കാലത്ത് ഒട്ടും സുരക്ഷിതമല്ലാത്ത രീതിയിലാണ് കെട്ടിടത്തിലേക്ക് കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ. അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി സ്ഥലം സൗജന്യമായി ലഭിച്ചതായിട്ടും നാളിതുവരെ ടി സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പാടം നികത്തി കെട്ടിടം പണിയുന്നതിനു മുമ്പ് നിലം നികത്ത് കമ്മറ്റി, പ്രാദേശിക നിരീക്ഷണസമിതി എന്നിവയുടെ അംഗീകാരം വാങ്ങിയിട്ടില്ല എന്നു കാണുന്നു.

കെട്ടിടം പണിതതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/24.12.18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 113-ാനമ്പർ അംഗൻവാടിയുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 3-30 എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ നിർമ്മിച്ച വാട്ടർ കിയോസ്കുകൾ - പാഴ് ചെലവായി

എം.ജി.എൻ.ആർ.ഇ.ജി.എസ്. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 09-02-2017ലെ ബി.196/ എം.ജി.എൻ.ആർ.ഇ.ജി.എസ്./16 നമ്പർ കത്തിൽ വരൾച്ചാ ലഘൂകരണത്തിന്റെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, എം.ജി.എൻ.ആർ.ഈ.ജി.എസ്. ഫണ്ട് ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ 3 ഇടങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുകയും, പ്രസ്തുത പ്രവർത്തിയുടെ ബേയ്സ്മെന്റുകൾ നിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണ് ഫയൽ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിനായി നിർദ്ദേശിച്ച ഈ പ്രവർത്തികൾ 2017 ൽ തന്നെ പൂർത്തീകരിച്ചതായി കാണുന്നു. ഈ വാട്ടർ കിയോസ്കുകൾ പ്രയോജനപ്പെടുത്തി കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് 20/21.12.18-ാം നമ്പർ എൻക്വയറിയ്ക്ക് നല്കിയ മറുപടിയിൽ നാളിതുവരെ കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല എന്ന മറുപടിയാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ചെലവിട്ടിട്ടുള്ള തുക പാഴ് ചെലവായി മാറിയിരിക്കുന്നതായി കാണാവുന്നതാണ്. പ്രായോഗികമായി ഏറ്റെടുത്തു നടത്താൻ ബുദ്ധിമുട്ടുള്ള പ്രവർത്തികൾ എറ്റെടുത്തു നടത്തുന്നതിൽ നിയന്ത്രണം പാലിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. പ്രോജക്ടിന്റെ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-31 വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം..പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ s0152/18 (s0215/15,s0026/17)

അടങ്കൽ RS.689351(689000-MGR'), RS 351ownfund

ചെലവ് Rs.653708/- ട്രഷറി ബിൽ-7/18 dtd.29.6.17

ഇത് ഒരു സ്പിൽഓവർ പ്രോജക്റ്റാണ്. s0 215/15 നമ്പർ പ്രോജക്റ്റായി 2015-16 വർഷത്തിൽ നടത്താനിരുന്ന പ്രോജക്റ്റായിരുന്നു. പ്രോജക്റ്റ് നമ്പർ 215/15ൽ ഉൾക്കൊള്ളിച്ചിരുന്ന പ്രവൃത്തികൾ 8 അങ്കണവാടികളുടെ പുനരുദ്ധാരണമായിരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അങ്കണവാടിയുടെ പേര് | പ്രവൃത്തി | വകയിരുത്തിയ തുക |
|---|---|---|---|
| 1 | മുക്കിലക്കാട് | പുനരുദ്ധാരണം | 105000 |
| 2 | കരുമത്ര | do | 102000 |
| 3 | അടങ്ങളം | do | 90000 |
| 4 | കല്ലംപാറ | do | 102149 |
| 5 | കുണ്ടുകാട് | do | 100000 |
| 6 | വട്ടായി | do | 90000 |
| 7 | മലാക്ക | do | 80500 |
| 8 | അമ്പലപ്പാട് | ഷീറ്റ് മേയൽ | 83000 |
| | ആകെ | | 752649 |

എന്നാൽ പുതിയ പ്രോജക്റ്റിൽ (152/18) മുൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്ന അങ്കണവാടികളൊന്നും തന്നെ ഉൾപ്പെട്ടതായി കാണുന്നില്ല. ഇത്തരത്തിൽ പ്രോജക്റ്റിൽ വ്യതിയാനം വരുത്താനുണ്ടായ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പുതിയ പ്രോജക്റ്റിൽ താഴെ പറയും പ്രകാരം 4 അങ്കണവാടികളുടെ പുനരുദ്ധാരണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1)അഞ്ചീട്ടി അങ്കണവാടി അറ്റകുറ്റപ്പണി

2)മണലിത്തറ അങ്കണവാടി ചുറ്റുമതിൽ

3)വാഴാനി പെരേപ്പാടം അങ്കണവാടി

4)വിരുപ്പാക്ക അങ്കണവാടി ഫസ്റ്റ് ഫ്ളോർ

ജി.ഒ.(എം.എസ്) നമ്പർ 72/17/LSGD/Dtd.29.3.17, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 6(8)(4) പ്രകാരം അംഗീകാരം ലഭിച്ച പ്രോജക്റ്റിന്റെ പ്രവർത്തനങ്ങളിലോ അടങ്കലിലോ ഭേദഗതി വരുത്തുകയാണെങ്കിൽ അപ്രകാരം ഭേദഗതി വരുത്തി ഭരണസമിതി അംഗീകരിച്ച ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്കു വിധേയമാക്കേണ്ടതും അംഗീകാരം തേടേണ്ടതുമാണ്. ഈ നടപടികൾ പാലിച്ചതിനുശേഷം മാത്രമേ പ്രോജക്ററിന്റെ നിർവ്വഹണപ്രവൃത്തികൾ നടത്താവൂ. എന്നാൽ മേൽ പ്രോജക്റ്റിന്റെ കാര്യത്തിൽ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല. മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നടപ്പാക്കിയ പ്രോജക്റ്റിനു വേണ്ടി ചെലവഴിച്ച തുക 653708/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-32 കുറ്റിക്കാട് വാട്ടർടാങ്കിന് തുക ഡെപ്പോസിറ്റ് ചെയ്തു. കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 231/17-18

അടങ്കൽ- 3230700/-

ചെലവ് -3230700/-

ചെലവുവിവരം
ട്രഷറി ബിൽ നമ്പർ 50/31.10.17 -Rs.1558023

„ 51/31.10.17 - Rs 1672677

കുറ്റിക്കാട് വാട്ടർ ടാങ്ക് നിർമ്മാണ പ്രവൃത്തിക്കു വേണ്ടി വടക്കാഞ്ചേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 13500000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ച 3230700/- രൂപ കേരള വാട്ടർ അതോറിറ്റി തൃശ്ശൂർ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 31733094112) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി തൃശ്ശൂർ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും LSGD അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ 27.10.17ൽ 144/17-18 നമ്പരായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള ഒന്നാം ഘട്ട തുകയാണ് കൈമാറിയിരിക്കുന്നത്. മുഴുവൻ തുകയും കൈമാറിയതിനു ശേഷമേ ടെണ്ടർ നടപടികൾ സ്വീകരിക്കു എന്ന് കരാറിലെ 6ാം ഖണ്ഡികയിൽ പറയുന്നുണ്ട്. തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല, ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 3230700 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറിനമ്പർ 32/24.12.18 ന ലഭ്യമാക്കിയ മറുപടിയിൽ കൈപ്പറ്റു രശീതി ഇല്ല.)

## 3-33 ഒറിജിനൽ പ്രോജക്റ്റിൽ മാറ്റം വരുത്തി പ്രവൃത്തി നടപ്പാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

പ്രവൃത്തിയുടെ പേര് –അമ്പലപ്പാട് മിച്ചഭൂമി റോഡ് റീടാറിങ്ങ്

പ്രോജക്ട് നമ്പർ - so 219/17, soo 205/18

കരാർ നമ്പർ –70/AE/LSGD/TKA /16-17 dtd.31.3.17

അടങ്കൽ –471243/-

ചെലവ് –335519/-

ട്രഷറി ബിൽ 76/28 dtd. 2.2.2018

കരാറുകാരൻ ബിജു .എം.എം.

എം.ബി. 10/17, 33/17

ഇത് ഒരു സ്പിൽ ഓവർ പ്രവൃത്തിയാണ്. പ്രവൃത്തിയുടെ കരാറു വച്ചിട്ടുള്ളത് 31.3.2017-ലാണ്. പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിൽ രണ്ടുതരം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

1) റോഡ് വർക്ക് (റിടാറിങ്ങ്)

2) സംരക്ഷണ ഭിത്തി

ഇതിൽ റോഡ് പ്രവൃത്തികൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. സംരക്ഷണ ഭിത്തി പണിതിട്ടില്ല. സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി നടത്താതിരുന്നതിന് കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കി വരുമ്പോൾ ഒറിജിനൽ പ്രോജക്റ്റിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ കൂട്ടിചേർക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ചെലവഴിച്ച തുക 335519/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-34 സ്പിൽ ഓവർ പ്രോജക്റ്റ് പൂർത്തിയാക്കിയില്ല

പ്രവൃത്തിയുടെ പേര് –പന്നിശ്ശേരി റോഡ് ടാറിംഗ്

പ്രോജക്റ്റ് നമ്പർ - S0072/17, 181/18

അടങ്കൽ –260000

ചെലവ് - 180552

ട്രഷറിബിൽ നമ്പർ - 19/19.7.17

കരാർ നമ്പരും തിയ്യതിയും 27/AE/Lsgd/TkA dtd. 2.2.17

കരാറുകാരൻ – ശ്രീ.എ.ടി. ആന്റണി

ഇത് ഒരു സ്പിൽഓവർ പ്രോജക്റ്റാണ്. പ്രവൃത്തിയുടെ കരാർ ഒപ്പിട്ടിരിക്കുന്നത് 2.2.2017ലാണ്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം റോഡ് മെറ്റലിങ്ങും ടാറിങ്ങും കാനപ്പണിയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മെറ്റലിങ്ങും ടാറിങ്ങും മാത്രമേ നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളൂ. പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)ജി.ഒ.(എം.എസ്) നമ്പർ 72/17/തസ്വഭവ തിയ്യതി. 29.3.17 ഖണ്ഡിക 6(8)(2)ൽ സ്പിൽ ഓവർ പ്രോജക്റ്റുകളുടെ പൂർത്തീകരണത്തെകുറിച്ച് പരാമർശിക്കുന്നുണ്ട്. സ്പിൽഓവർ പ്രോജക്റ്റ് സ്പിൽ ഓവറായ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ടി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

2) 6(8)(3)ൽ സ്പിൽ ഓവർ പ്രോജക്ടുകൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കേണ്ടതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും പറയുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) പ്രവൃത്തിയുടെ എം.ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച മുഴുവൻ തുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-35 പതിന്നാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചത് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷികപദ്ധതി (2017-18) തയ്യാറാക്കൽ മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) നമ്പർ 72/2017/തസ്വഭവ) തിയതി.29.3.17, ഖണ്ഡിക 13-8ൽ പതിന്നാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്തിനൊക്കെ വേണ്ടി ചെലവഴിക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം താഴെപറയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാവൂ.

1) ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

2) മലിനജല നിർഗമനം, ഖരമാലിന്യ പരിപാലനം

3) ശ്മശാനങ്ങൾ സ്ഥാപിക്കൽ

4) കുടിവെള്ള വിതരണം

5) നടപ്പാതകളുടെ നിർമ്മാണം,തെരുവുവിളക്ക സ്ഥാപിക്കൽ

6) ഗ്രാമപഞ്ചായത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികേയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം സംരക്ഷണം.

7) റോഡ് സംരക്ഷണം, പരിപാലനം

എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി താഴെ പറയുന്ന പ്രോജക്ടുകൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 71/18 | ആനപ്പെരുവഴി പുലിക്കപ്പുറം റോഡ് കോൺക്രീറ്റിങ്ങ് | 581000 | 528801 | 49/18 തീ.04.10.17 |
| 2 | 158/18 | ചിങ്ങംചിറ ചിറമുക്ക് റോഡ് സോളിങ്ങ് | 116000 | 115975 | 19/18 / 19.07.17 |
| 3 | 197/18 | മച്ചാട് എൽ.പി.എസ് ബസ് ഷെഡ് നിർമ്മാണം | 100000 | 99961 | 13/18 തി.10.07.17 |
| | | ആകെ | 797000 | 744737 | |

മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി ഏറ്റെടുത്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച 744737/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് കൊടുത്ത 5/15.12.18 നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## **3-36** അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.
1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

2. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. ടെണ്ടർ തുറന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസ് പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 നിർദ്ദേശിക്കും പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി തയ്യാറാക്കിയതല്ല.

5. പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. കരാറുകാർക്ക് പ്രവൃത്തി സ്ഥലംകൈമാറിയതിന്റെ രേഖകൾ (Site Hand over) മിക്ക ഫയലുകളിലും ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017-ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-37 വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം -പൊതു അപാകതകൾ

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ / വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.

1.സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ അധിക ചെലവ് വരുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്നു. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഇപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 10 സ്പിൽ ഓവർ

പ്രോജക്ടുകൾ തൽവർഷവും പൂർത്തിയാക്കാനായില്ല എന്നത് വീഴ്ചയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

3. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ കിലോമീറ്റർ / ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ഇപ്രകാരം ചെയ്യാത്തതിനാൽ റോഡ് പ്രവൃത്തികളുടെ ചെയിനേജ് രേഖപ്പെടുത്തിയത് വസ്തുതാപരമാണോ എന്ന് പരിശോധിക്കാനാവുന്നില്ല.

4. പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും റോഡ് വർക്കുകളാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ പ്രവൃത്തിയുടെ ചെയിനേജ് രേഖപ്പെടുത്തി വരുന്നില്ല. ചെയിനേജ് രേഖപ്പെടുത്താതെ പ്രവൃത്തികൾ നിർവഹിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

5. ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരുപാട് പ്രോജക്റ്റുകൾ / പ്രവൃത്തികൾ ഒരു വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്നത് മൂലം എല്ലാപ്രവൃത്തികളും നടപ്പിലാക്കാൻ പറ്റാത്ത ഒരു അവസ്ഥ ഉണ്ടാകുന്നുണ്ട്. ഇതുമൂലം ഓരോ പ്രോജക്റ്റുകൾക്കായി തുക മാറ്റി വയ്ക്കുകയും അവ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുമ്പോൾ അതിനായി നീക്കിവച്ച തുക ലാപ്സായിപ്പോകുകയും മറ്റു വികസന പ്രവൃത്തികൾ നടപ്പിലാക്കാൻ പറ്റാത്ത ഒരവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. ഇത്തരംഅവസ്ഥ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡുകൾ അടിസ്ഥാനത്തിൽ പദ്ധതി പണം വിഭജിക്കേണ്ടി വരുമ്പോൾ കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ. വലിയ റോഡുകൾ ഇത്തരത്തിൽ ഭാഗികമായി പുനരുദ്ധരിക്കേണ്ടി വരുമ്പോൾ ആ റോഡുകൊണ്ടുള്ള ഗുണം എല്ലാവർക്കും ലഭിക്കാതെ പോവുകയും ചെയ്യുന്നു. ഇത് ശരിയായ പ്രവണതയല്ല.

7. പ്രവൃത്തി നടക്കുന്ന സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺ നമ്പറും, എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല.

മേൽ അപാകതകൾ സമയോചിതമായി പരിഹരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റി യഥാസമയം നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഗുണമേൻമ, സുതാര്യത, കൃത്യത എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി യാതൊരു ഇടപെടലും നടത്തുന്നില്ല എന്ന് വ്യക്തമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം നിരീക്ഷിച്ച് സമയോചിത മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 3-38 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ-നടപടിക്രമങ്ങളിലെ അപാകതകൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ 21 പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കായിരിക്കും.

ഉത്തരവ് നം. (എം.എസ്) 42/99/പ്ലാനിങ്ങ് - ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല. കൂടാതെ പ്രവൃത്തികളുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസോ, സെക്യേർഡ് അഡ്വാൻസോ അനുവദിക്കുന്നില്ല.

ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല. (ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ് ബിൽ, സാധന സാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവൃത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല. വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,07,400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,07,400 | 0 |

| | | | | | |
|---|---|---|---|---|---|
| | | 17,00,000 | മാലിന്യശേഖരണ സംസ്കരണ കേന്ദ്രം | 9,82,943 | 7,17,057 |
| | | 3,00,000 | ക്ഷീരസഹകരണ സംഘങ്ങൾക്ക് സബ്സിഡി | 3,00,000 | 0 |
| | | 5,00,000 | സമഗ്ര നെൽകൃഷി വികസനം | 5,00,000 | 0 |
| | | 88,000 | വീട് റിപ്പയർ (എസ്.ടി) | 0 | 88,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 10,00,000 | ക്ഷീരസഹകരണ സംഘങ്ങൾക്ക് സബ്സിഡി | 10,00,000 | 0 |

തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB മുളങ്കുന്നത്തുകാവ് | 87/18 പത്താഴക്കുണ്ട് കുടിവെള്ളപദ്ധതി വട്ടായി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 21701025 | 9,60,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 9,60,000 |
| KSEB മുളങ്കുന്നത്തുകാവ് | പത്താഴക്കുണ്ട് കുടിവെള്ളപദ്ധതി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701375 | 59,850 | 59,850 | പൂർത്തീകരിച്ചു | 0 |
| KSEB വടക്കാഞ്ചേരി | 05/18 വൈദ്യുതി പോസ്റ്റ് മാറ്റൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ | 21701062 | 1,03,840 | 1,03,840 | പൂർത്തീകരിച്ചു | 0 |
| KSEB വടക്കാഞ്ചേരി | 260/18 കളത്താഴം ലൈൻ വലിക്കൽ | 21701386 | 1,40,000 | 1,40,000 | പൂർത്തീകരിച്ചു | 0 |
| KSEB പുന്നംപറമ്പ് | 05/18 വൈദ്യുതി പോസ്റ്റ് മാറ്റൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ | 21701107 | 23,265 | 23,265 | പൂർത്തീകരിച്ചു | 0 |
| KSEB പുന്നംപറമ്പ് | 05/18 വൈദ്യുതി പോസ്റ്റ് മാറ്റൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ | 21701108 | 52,290 | 52,290 | പൂർത്തീകരിച്ചു | 0 |
| KSEB പുന്നംപറമ്പ് | 05/18 വൈദ്യുതി പോസ്റ്റ് മാറ്റൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ | 21701349 | 20,250 | 20,250 | പൂർത്തീകരിച്ചു | 0 |
| KWA | കുറ്റിക്കാട്ട് ടാങ്ക് നിർമ്മാണം | 21701105, 21701106 | 32,30,700 | 0 | പൂർത്തീകരിച്ചിട്ടില്ല | 32,30,700 |

| | | | | | | |
|---|---|---|---|---|---|---|
| KWA | ആശാരിക്കാട് റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21701354 | 15,914 | 15,914 | പൂർത്തീകരിച്ചു | 0 |

തൻവർഷത്തെ ഡെപ്പോസിറ്റ് വിശദാംശങ്ങൾ മാത്രമാണ് മേൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി | 46236/ഡി.ബി.1 /13/ത.സ്വ.ഭ.വ, തിയ്യതി 16.08.2013 | 16500000 | 3425000 | 3385000 (പ്രൊജക്ട്) 40000 (ഗുണഭോക്താവ് തിരിച്ചടച്ചത്) | 0 | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 3(12), 3(14) | 1,000 | രാജേഷ്, കല്ലിപ്പറമ്പിൽ. കരാറുകാരൻ | 117080101436/ 19.10.2018 |

| | | | | |
|---|---|---|---|---|
| 2015-16 | 3(12), 3(14) | 1,089 | രാജേഷ്, കല്ലിപ്പറമ്പിൽ. കരാറുകാരൻ | 117080101436/ 19.10.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല.

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79200617 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88431179 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 87000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 97,46702 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-6(1)& (2) | | 12000 | ഡോ.പ്രദീപ്, വെറ്ററിനറി സർജൻ |
| 3-12 | | 75000 | ശ്രീമതി.സിനി.കെ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | | 87000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 55128 | ഡോ.സുനിൽകുമാർ, മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം, തെക്കുംകര |

| | | |
|---|---|---|
| 3-5 | 500000 | ഡോ.പ്രദീപ്, വെറ്ററിനറി സർജൻ |
| 3-6(3) | 6000 | ഡോ.പ്രദീപ്, വെറ്ററിനറി സർജൻ |
| 3-7 | 34500 | ശ്രീമതി.സി.ഉഷ, സെക്രട്ടറി |
| 3-8 | 5000 | ശ്രീമതി.സി.ഉഷ, സെക്രട്ടറി |
| 3-10 | 30000 | ശ്രീമതി.സി.ഉഷ, സെക്രട്ടറി |
| 3-11(1) (ബി) | 24462 | ശ്രീമതി.പ്രത്യുഷ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-11(1) (ബി) | 34857 | ശ്രീമതി.സിനി.കെ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-11(3) | 27010 | സിനി.കെ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-13 | 496000 | ശ്രീമതി.സിനി.കെ.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-18 | 149500 | ശ്രീമതി.ഉഷ.സി., സെക്രട്ടറി |
| 3-21 | 556800 | ശ്രീമതി.സി.ഉഷ, സെക്രട്ടറി |
| 3-23 | 356250 | ശ്രീമതി.സി.ഉഷ, സെക്രട്ടറി |
| 3-25 | 1131569 | ശ്രീമതി.സി.ഉഷ, സെക്രട്ടറി |
| | 150000 | ശ്രീമതി.സിന്ധു.ടി.പി., സെക്രട്ടറി ഇൻ ചാർജ്ജ് (അസി.സെക്രട്ടറി) |
| 3-27 | 454410 | ശ്രീമതി.സി.ഉഷ, സെക്രട്ടറി |
| 3-28 | 590000 | ശ്രീമതി.ബിന്ദു.എം.എൻ, ഹെഡ്മിസ്ട്രസ്, ജി,ടി.എൽ.പി.എസ്, കാക്കിനിക്കാട് |
| 3-31 | 653708 | ശ്രീമതി.ദൃശ്യ.ടി.മനോഹർ, അസി.എഞ്ചിനീയർ |
| 3-32 | 3230700 | ശ്രീമതി.ദൃശ്യ.ടി.മനോഹർ, അസി.എഞ്ചിനീയർ |
| 3-33 | 335519 | ശ്രീ.ഡിറ്റോദാസ്, അസി.എഞ്ചിനീയർ |
| 3-34 | 180552 | ശ്രീമതി.ദൃശ്യ.ടി.മനോഹർ, അസി.എഞ്ചിനീയർ |
| 3-35 | 744737 | ശ്രീമതി.ദൃശ്യ.ടി.മനോഹർ, അസി.എഞ്ചിനീയർ |
| | 9746702 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പ്രദീപ്, വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി, മച്ചാട്, തെക്കുംകര | വെളിയത്ത് ഹൗസ്, വെള്ളാനി പി.ഒ |
| ശ്രീമതി.സിനി.കെ.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, എറിയാട് ഗ്രാമപഞ്ചായത്ത് | പൊന്നത്ത് ഹൗസ്, കാര പി.ഒ., കൊടുങ്ങല്ലൂർ |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ |
|---|---|
| 1968-69, 70-71, 71-72, 73-74, 74-75, 76-77, 77-78, 81-82, 91-92, 92-93, 93-94, 94-95., 95-96, 96-97 | എൽ.എഫ്.ടി.(എസ്-2) -740/11, 19.07.11/ 21.10.11 |
| 97-98 (വരവ്) | എൽ.എഫ്.ടി.17-1415/01/ 4-6-2002 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.17-1156/98, 06-03-99 |
| 98-99 | എൽ.എഫ്.ടി.17-1416/01/12-6-12 |
| 99-2000 | എൽ.എഫ്.ടി.17/1414 /01, 08.07.02 |
| 2000-01 | എൽ.എഫ്.ടി.17-1592/ 01, 03.08.02 |
| 2002-03, 03-04, 04-05, 05-06, 06-07, 07-08, 08-09 | എൽ.എഫ്.ടി.പി.1-246/12/29.3.12 |
| 09-10 | എൽ.എഫ്.ടി.(പി1)-106/12/13-8-12 |
| 2010-11 | എൽ.എഫ്.ടി.(പി.1)/101/12, 13-8-12 |
| 2011-12 | എൽ.എഫ്.ടി.പി.5-1984/ 13,13-3-14 |
| 2012-13 | എൽ.എഫ്.ടി.പി.5-1373/14, തീ.4/12/2014/ 12.03.2015 |

| | |
|---|---|
| 2013-14 | കെ.എസ്.എ-ടി.എസ്.ആർ.(പി.5)1145/15<br>തീ.26.10.15/07.11.15 |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ.(പി.5) 1121/16<br>തീ.13.07.16/25.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.5)-1732/16<br>തീ. 24.10.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.5)1069/2017<br>തീ.25.07.2017/26.08.17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി5) 8/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:30.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്